# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മടിക്കൈ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ-കെ.എസ്.ഡി-5/202/2021/

തിയതി 27.03.2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 27/03/2021
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മടിക്കൈ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മടിക്കൈ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മടിക്കൈ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ-കെ.എസ്.ഡി-5/202/2021/ തീയ്യതി: 27/03/2021
തിയതി 27.03.2021

## കാസർഗോഡ് ജില്ലയിലെ മടിക്കൈ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ മടിക്കൈ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-02-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അജിതൻ.ടി.എൻ | ഡെപ്യൂട്ടി ഡയറക്ടർ | 22-02-2021 | 27-02-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-02-2021 | 27-02-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ഗോപാലകൃഷ്ണ നായക്-ഓഡിറ്റ് ഓഫീസർ,
വിനോദ്കുമാർ.സി-ഓഡിറ്റ് ഓഫീസർ,
തോമസ്.കെ- അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
രഘുനാഥൻ.കെ- അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ബാബു.എം- അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ബിന്ദു.വി.വി-ഓഡിറ്റർ,
ഹരിവേണുഗോപാലൻ.കെ.വി-ഓഡിറ്റ്.

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സി.പ്രഭാകരൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.കെ.പി.ശശിധരൻ | സെക്രട്ടറി | 01-04-2019 | 01-10-2019 |
| | | 21-10-2019 | 05-01-2020 |
| | | 01-02-2020 | 31-03-2020 |
| ശ്രീ.മധുസൂദനൻ. വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-10-2019 | 20-10-2019 |
| | | 06-01-2020 | 31-01-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മധുസൂദനൻ. വി | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ.വൈശാഖ്. ബി | അസി.എഞ്ചിനിയർ | 01-04-2019 | 30-06-2019 |
| ശ്രീ.സനൂപ് ചന്ദ്രൻ | അസി.എഞ്ചിനിയർ | 30-06-2019 | 31-03-2020 |
| ശ്രീമതി.അഞ്ചു.എസ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ബിന്ദു.എ.ഒ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ.ചാക്കോ.പി.എ | വി.ഇ.ഒ | 01-04-2019 | 25-06-2019 |
| ശ്രീ.സുരേഷ്.എ | വി.ഇ.ഒ | 26-06-2019 | 21-07-2019 |
| ശ്രീ.കേശവൻ നമ്പൂതിരി | വി.ഇ.ഒ | 22-07-2019 | 31-03-2020 |
| ശ്രീ.ഗോപി.വി | പ്രധാനാധ്യാപകൻ | 01-04-2019 | 31-03-2020 |
| ഡോ.സെൽമ ജോഷി | മെഡിക്കൽ ഓഫീസർ, അലോപ്പതി | 01-04-2019 | 31-03-2020 |
| ഡോ.സ്വപ്ന.കെ.എസ് | മെഡിക്കൽ ഓഫീസർ, | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | ആയുർവേദം | | |
| ഡോ.വിപിൻരാജ്.പി,കെ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ.സ്മിത സെബാസ്റ്റ്യൻ | വെറ്റിനറി സർജൻ | 01-04-2019 | 13-08-2019 |
| ഡോ.റൂബി അഗസ്റ്റ്യൻ | വെറ്റിനറി സർജൻ | 14-08-2019 | 15-08-2019 |
| ഡോ.അനുരാജ് | വെറ്റിനറി സർജൻ | 16-08-2019 | 09-10-2019 |
| ഡോ.ജിജിൻ | വെറ്റിനറി സർജൻ | 10-10-2019 | 10-10-2019 |
| ഡോ.കിരൺ ബാബു.എസ് | വെറ്റിനറി സർജൻ | 11-10-2019 | 30-01-2020 |
| ഡോ.ജിബിൻ ചെറിയാൻ | വെറ്റിനറി സർജൻ | 31-01-2020 | 31-03-2020 |
| ശ്രീ.സുകുമാരൻ.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Thomas. K (Asst. Audit Officer, On 27-02-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 27-02-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Thomas. K (Asst. Audit Officer, On 27-02-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 02-03-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Thomas. K (Asst. Audit Officer, On 27-02-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-03-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Thomas. K (Asst. Audit Officer, On 27-02-2021)<br>Last Updated By: T.N.Ajithan (Deputy Director, On 24-03-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Thomas. K (Asst. Audit Officer, On 27-02-2021)<br>Last Updated By: T.N.Ajithan (Deputy Director, On 24-03-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Gopalakrishna Nayik (Audit Officer, On 27-02-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 27-02-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം<br>Written By: Raghunadhan. K (Asst. Audit Officer, On 27-02-2021)<br>Last Updated By: Raghunadhan. K (Asst. Audit Officer, On 27-02-2021) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Hari Venugopalan K V (Auditor, On 27-02-2021)<br>Last Updated By: Hari Venugopalan K V (Auditor, On 27-02-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Vinoth Kumar C (Audit Officer, On 27-02-2021)<br>Last Updated By: T.N.Ajithan (Deputy Director, On 24-03-2021) | 1-9 |
| 10 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Bindu.V.V (Auditor, On 27-02-2021)<br>Last Updated By: Bindu.V.V (Auditor, On 27-02-2021) | 1-10 |
| 11 | ബിൽഡ്ടെക് സ്റ്റോൺ ക്രഷർ എന്ന സ്ഥാപനത്തിന് ലൈസൻസ് നൽകിയതിലും ഫീസ് ഈടാക്കിയതിലും അപാകത<br>Written By: Bindu.V.V (Auditor, On 27-02-2021)<br>Last Updated By: T.N.Ajithan (Deputy Director, On 24-03-2021) | 1-11 |
| 12 | വൈദ്യുതയന്ത്രം ഉപയോഗിക്കുന്നതിനുള്ള ഫീസ് ഈടാക്കിയതിൽ കുറവ്<br>Written By: Bindu.V.V (Auditor, On 27-02-2021)<br>Last Updated By: Bindu.V.V (Auditor, On 27-02-2021) | 1-12 |
| 13 | ടെണ്ടർ ഫോമിന്റെ വിലയിനത്തിൽ ലഭിച്ച തുക പഞ്ചായത്തിന് കൈമാറിയിട്ടില്ല.<br>Written By: Vinoth Kumar C (Audit Officer, On 26-02-2021)<br>Last Updated By: T.N.Ajithan (Deputy Director, On 24-03-2021) | 1-13 |
| 14 | സെക്രട്ടറി -യാത്രാബത്ത അപാകത<br>Written By: Raghunadhan. K (Asst. Audit Officer, On 27-02-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 27-02-2021) | 1-14 |
| 15 | ജീവനക്കാരുടെ സേവന പുസ്തകം സൂക്ഷിപ്പ് - അപാകത<br>Written By: Raghunadhan. K (Asst. Audit Officer, On 27-02-2021)<br>Last Updated By: T.N.Ajithan (Deputy Director, On 24-03-2021) | 1-15 |

| | | |
|---|---|---|
| 16 | പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.<br>Written By: Vinoth Kumar C (Audit Officer, On 23-02-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 27-02-2021) | 1-16 |
| 17 | തനത് ഫണ്ട് ചെലവ് - കണ്ണട അലവൻസ് നൽകിയത് - അപാകത<br>Written By: Raghunadhan. K (Asst. Audit Officer, On 27-02-2021)<br>Last Updated By: T.N.Ajithan (Deputy Director, On 24-03-2021) | 1-17 |
| 18 | ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല.<br>Written By: Vinoth Kumar C (Audit Officer, On 26-02-2021)<br>Last Updated By: T.N.Ajithan (Deputy Director, On 24-03-2021) | 1-18 |
| 19 | സാമൂഹിക സുരക്ഷാ പെൻഷൻ–വികലാംഗ പെൻഷൻ രജിസ്റ്ററിലെ അപാകത<br>Written By: Raghunadhan. K (Asst. Audit Officer, On 26-02-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 27-02-2021) | 1-19 |
| 20 | സാമൂഹിക സുരക്ഷാ പെൻഷൻ– വാർദ്ധക്യകാല പെൻഷൻ രജിസ്റ്ററിലെ അപാകത<br>Written By: Raghunadhan. K (Asst. Audit Officer, On 26-02-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 27-02-2021) | 1-20 |
| 21 | വിധവാ പെൻഷൻ രേഖകളുടെ അഭാവം-അപേക്ഷകരെ അറിയിച്ചിട്ടില്ല.<br>Written By: Raghunadhan. K (Asst. Audit Officer, On 26-02-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 27-02-2021) | 1-21 |
| 22 | ഗ്രാമ പഞ്ചായത്ത് വാഹനത്തിന് ഡീസൽ ചെലവ് – അപാകത<br>Written By: Raghunadhan. K (Asst. Audit Officer, On 27-02-2021)<br>Last Updated By: T.N.Ajithan (Deputy Director, On 24-03-2021) | 1-22 |
| 23 | ഗ്രാമ പഞ്ചായത്ത് വിവിധ സ്ഥലങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി– അപാകത<br>Written By: Raghunadhan. K (Asst. Audit Officer, On 27-02-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 24-03-2021) | 1-23 |
| 24 | തൊഴിലുറപ്പ് പദ്ധതി ഓഫീസിലേയ്ക്ക് യു.പി.എസ് വാങ്ങിയത്-അപാകതകൾ<br>Written By: Raghunadhan. K (Asst. Audit Officer, On 27-02-2021)<br>Last Updated By: T.N.Ajithan (Deputy Director, On 24-03-2021) | 1-24 |
| 25 | ഗ്രാമപഞ്ചായത്ത് ഓഫീസിലേയ്ക്ക് പ്രിന്റർ വാങ്ങിയത്-രേഖകൾ അപൂർണ്ണം<br>Written By: Raghunadhan. K (Asst. Audit Officer, On 27-02-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 24-03-2021) | 1-25 |
| 26 | തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സുകളിൽ നിന്നും കുറവു ചെയ്യേണ്ട നികുതികൾ കുറവു ചെയ്തിട്ടില്ല-<br>Written By: Gopalakrishna Nayik (Audit Officer, On 27-02-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 27-02-2021) | 1-26 |
| 27 | നെൽകൃഷി വികസന പദ്ധതി - നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഫീൽഡ് പരിശോധന റിപ്പോർട്ടുകൾ സൂക്ഷിക്കുന്നില്ല.<br>Written By: Thomas. K (Asst. Audit Officer, On 27-02-2021)<br>Last Updated By: T.N.Ajithan (Deputy Director, On 24-03-2021) | 1-27 |
| 28 | അങ്കൺവാടി പോഷകാഹാര വിതരണം അപാകത | 1-28 |

| | | |
|---|---|---|
| | പ്രൊജക്ട് : നമ്പർ 8/2019<br>Written By: Babu M (Senior Grade Auditor, On 01-03-2021)<br>Last Updated By: T.N.Ajithan (Deputy Director, On 24-03-2021) | |
| 29 | ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല , തുക തടസ്സപ്പെടുത്തുന്നു<br>Written By: Babu M (Senior Grade Auditor, On 01-03-2021)<br>Last Updated By: Babu M (Senior Grade Auditor, On 01-03-2021) | 1-29 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവിരം<br>Written By: Thomas. K (Asst. Audit Officer, On 23-02-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 23-02-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Thomas. K (Asst. Audit Officer, On 23-02-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 23-02-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം<br>Written By: Thomas. K (Asst. Audit Officer, On 23-02-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 23-02-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്<br>Written By: Thomas. K (Asst. Audit Officer, On 23-02-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 23-02-2021) | 4-4 |
| 5 | വായ്പാ/വായ്പാ തിരിച്ചടവ്<br>Written By: Thomas. K (Asst. Audit Officer, On 23-02-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 23-02-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Thomas. K (Asst. Audit Officer, On 23-02-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 23-02-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Thomas. K (Asst. Audit Officer, On 23-02-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 23-02-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Thomas. K (Asst. Audit Officer, On 23-02-2021)<br>Last Updated By: T.N.Ajithan (Deputy Director, On 24-03-2021) | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Thomas. K (Asst. Audit Officer, On 23-02-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 23-02-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Bindu.V.V (Auditor, On 27-02-2021)<br>Last Updated By: T.N.Ajithan (Deputy Director, On 24-03-2021) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Thomas. K (Asst. Audit Officer, On 23-02-2021)<br>Last Updated By: T.N.Ajithan (Deputy Director, On 24-03-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 4 | ബാലൻസ് ഷീറ്റ് |

## ഭാഗം -1

### 1-1 ബജറ്റ്

2019-20വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | നം.1 തിയതി . 07.02.2019 | നം.2/1 തിയതി 15.02.2020 |
| മുന്നിരിപ്പ് | 9560296 | 3865536 |
| വരവ് | 197718251 | 237883442 |
| ആകെ | 207278547 | 241748978 |
| ചെലവ് | 206040301 | 240345441 |
| നീക്കിയിരിപ്പ് | 1238246 | 1403537 |

### 1-2 വാർഷിക ധനകാര്യപത്രിക

| വാർഷിക ധനകാര്യപത്രിക ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയതി | റിമാർക്സ് |
|---|---|---|---|
| 31/07/2020 | 07/05/2020 | ഇല്ല | ഇല്ല |

മടിക്കൈ ഗ്രാമ പഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1) ക്ഷേമ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട DBT സ്റ്റേറ്റ് മെന്റ് പ്രകാരം വികലാംഗ പെൻഷൻ ഇനത്തിൽ 11,50,200 രൂപയും, വിധവാ പെൻഷൻ ഇനത്തിൽ 51,58,800 രൂപയും ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുകകൾ വാർഷിക ധനകാര്യപത്രികയിൽ (ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്) ഉൾപ്പെടുത്തിക്കാണുന്നില്ല.

2) മുൻവർഷത്തെ വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റിൽ ബാധ്യതയിനത്തിൽ ഉൾപ്പെട്ടിരുന്ന ചില ഇനങ്ങൾ തൻവർഷം കറക്ഷൻ എൻട്രിവഴി കുറച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ ബാധ്യത കുറച്ചതിന് ഭരണസമിതിയിൽ നിന്നും അംഗീകാരം വാങ്ങിയിട്ടില്ല. അതു പോലെ ഇത് സംബന്ധിച്ച് വിശദമായ നോട്ടും തയ്യാറാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് | തിയതി | വൗച്ചർ .നം | ഡെബിറ്റ് |
|---|---|---|---|
| 320700105 | 15.11.2019 | 41900135 | 330404 |
| 320700205 | 15.11.2019 | 41900134 | 516256 |
| 320700404 | 11.02.2020 | 41900190 | 239799 |
| 320100121 | 13.11.2019 | 41900126 | 611074 |
| 320200322 | 14.11.2019 | 41900127 | 107576 |
| 320100115 | 14.11.2019 | 41900132 | 3202100 |
| 320100119 | 31.03.2020 | 41900232 | 14,252 |

(ഓഡിറ്റ് എൻക്വയറി നം.20/26.02.2021 ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നൽകിയ 27.02.2021 ലെ എ.ഒ.8623/18 നമ്പർ മറുപടി പരിഗണിച്ച് തയ്യാറാക്കിയത് )

### 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2019-20 |
|---|---|
| മുന്നിരിപ്പ് | 17454002 |
| വരവ് | 69062796 |
| | |

| | |
|---|---|
| ആകെ | 86516798 |
| ചെലവ് | 65993470 |
| നീക്കിയിരിപ്പ് | 20523328 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 14362000 | 14362000 | 10812427* | 3549573 | 75.28 |
| വികസനഫണ്ട് എസ്.സി.പി. | 0 | 839000 | 839000 | 467255* | 371745 | 55.69 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 2844000 | 2844000 | 1494000 | 1350000 | 52.53 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 18353000 | 18353000 | 12620556 | 5732444 | 68.76 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4354000 | 4354000 | 3345045 | 1008955 | 76.82 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 10979707 | 10979707 | 5486649 | 5493058 | 49.97 |
| ആകെ | 0 | 51731707 | 51731707 | 34225932 | 17505775 | 66.16 |

(* വികസന ഫണ്ട് ജനറൽ, എസ്.സി.പി, എന്നിവയിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുകകൾ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട് . ഇവ കുറച്ചുള്ള തുകയാണ് സാംഖ്യാ ACR ലും, രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിലും ചെലവായി ഉൾപ്പെടുകയുള്ളൂ. വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യക്കമ്മീഷൻ ഗ്രാന്റ്, എന്നീയിനങ്ങളിലെ നീക്കിയിരിപ്പ് തുകകൾ സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടതിനാൽ ഈയിനങ്ങളിൽ നീക്കിയിരിപ്പില്ല. വിവിധ ഗ്രാന്റുകളിലായി ലഭിച്ച ആകെ 1.75 കോടി രൂപ ചെലവഴിക്കുവാൻ സാധിക്കാത്തതിനാൽ സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടു. എന്നാൽ 39 പദ്ധതികളിലായി 1.41 കോടി രൂപയുടെ ബില്ലുകൾ ട്രഷറിയിൽ സമർപ്പിച്ചുവെങ്കിലും തൻവർഷം മാറുവാൻ സാധിച്ചിരുന്നില്ല എന്ന് അധികൃതർ അറിയിക്കുകയുണ്ടായി . സ.ഉ (കൈ) നം.16/2021തസ്വഭവ തിയ്യതി 23.01.2021 പ്രകാരം ഐ.കെ.എം തയ്യാറാക്കിയ ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നുവെങ്കിലും, ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ രേഖകളുമായി ചില തുകകൾ പൊരുത്തപ്പെടുന്നില്ല. വാർഷിക ധനകാര്യ പത്രിക , എ.സി.ആർ, സുലേഖ ചെലവ് പത്രിക എന്നിവ പരിശോധിച്ച് തയ്യാറാക്കിയ ഗ്രാന്റ് വിനിയോഗ വിവരങ്ങളാണ് പട്ടികകളിൽ നൽകിയിരിക്കുന്നത്

ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 9447629 | 9447629 | 9447629 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 467255 | 467255 | 467255 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 1494000 | 1494000 | 1494000 | 0 |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 12620556 | 12620556 | 12620556 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3345045 | 3345045 | 3345045 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5486649 | 5486649 | 5486649 | 0 |

മറ്റ് ഫണ്ടുകൾ -വിനിയോഗ വിവരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബി ഫണ്ട് | | | | | |
| തൊഴിൽ രഹിത വേതനം | 0 | 0 | 0 | 0 | 0 |
| വിവാഹ ധനസഹായം | 0 | 210000 | 210000 | 210000 | 0 |
| നെല്ല് ഉല്പാദന ബോണസ്സ് | 0 | 180000 | 180000 | 180000 | 0 |
| തൊഴിലുറപ്പ് - 100 ദിന ഇൻസെന്റീവ് | 0 | 1413000 | 1413000 | 1413000 | 0 |
| ട്രഷറി TSB ജനറൽ പർപ്പസ് | 6402462 | 10251164 | 16653626 | 15236532 | 1417094 |
| TSB സംയുക്ത പദ്ധതി | 3427675 | 0 | 3427675 | 602681 | 2824994 |
| കേന്ദ്രാവിഷ്കൃത പദ്ധതി | | | | | |
| തൊഴിലുറപ്പ് പദ്ധതി (അഡ്മിൻ) | 24308 | 1997734 | 2022042 | 2021939 | 103 |
| വേതനം & മെറ്റീരിയൽ ചെലവ് ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 65349765 | 65349765 | 65349765 | |
| വെസ്റ്റേൺ ഗാട്ട് പദ്ധതി | 15336 | 620 | 15956 | 0 | 15956 |
| അങ്കണവാടി പോഷകാഹാരം കേന്ദ്ര വിഹിതം | 1599031 | 695944 | 2294975 | 1713821 | 581154 |
| ശുചിത്വ മിഷൻ (ഹെഡ്) 320100115 | 4614000 | 0 | 4614000 | 3202100 | 1411900 |
| ശുചിത്വ മിഷൻ (ഹെഡ് 320200322) | 1310330 | 558000 | 1868330 | 761704 | 1106626 |
| RGPSA (Office Building) | 1500000 | 0 | 1500000 | 0 | 1500000 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | |
| സാക്ഷരത | 4235 | 157 | 4392 | 0 | 4392 |
| ലൈഫ് ഭവന പദ്ധതി സംസ്ഥാന വിഹിതം | | 4000000 | 4000000 | 4000000 | |
| ലൈഫ് ഭവനം വായ്പ | | 1950245 | 1950245 | 1950245 | |
| പുലിയനട്ടക്കം ST കോളനി കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം വകുപ്പ് വിഹിതം | 1000000 | 0 | 1000000 | 0 | 1000000 |
| വിമുക്തി | 25000 | 0 | 25000 | 25000 | 0 |

| | | | | | |
|---|---|---|---|---|---|
| ധനസഹായം | | | | | |
| ബേബി ഫ്രണ്ട് ലി ടോയ് ലറ്റ് | 36000 | 0 | 36000 | 0 | 36000 |
| അങ്കണവാടി ടോയ് ലറ്റ് | 10000 | 0 | 20000 | 0 | 20000 |
| കേരളോത്സവം | 0 | 20000 | 20000 | 20000 | 0 |
| <u>മറ്റുള്ളവ</u> | | | | | |
| ഫുട്ബോൾ ഗ്രൗണ്ട് ധനസഹായം CSR ഫണ്ട് സോളാർ പാർക്ക് നൽകിയത് | 1263083 | 0 | 1263083 | 0 | 1263083 |
| 2 റോഡുകൾ നിർമ്മിക്കുന്നതിന് CSR ഫണ്ട് സോളാർ പാർക്ക് നൽകിയത് | 0 | 6000000 | 6000000 | 0 | 6000000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 207 | 120 | - | 87 | 57.97 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2019-20 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2019-20 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാ നം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 21 | 3241400 | 17 | 2938235 | 90.64 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 4 | 825000 | 2 | 425000 | 51.51 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 124 | 71736066 | 60 | 26336668 | 36.71 |
| 4 | കൃഷി ഓഫീസർ | 6 | 5632068 | 5 | 2254806 | 40.03 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 14 | 24769615 | 11 | 10391077 | 41.95 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 5037827 | 5 | 2481297 | 49.25 |
| 7 | വെറ്റനറി സർജ്ജൻ | 5 | 1708800 | 3 | 633000 | 37.04 |
| 8 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 7 | 1547948 | 5 | 1227750 | 79.31 |
| 9 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 5 | 1950000 | 3 | 1400609 | 71.82 |
| 10 | മെഡിക്കൽ ഓഫീസർ - ഹോമിയോ | 1 | 200000 | 1 | 200000 | 100 |
| 12 | പ്രധാനാധ്യാപകൻ | 10 | 1961450 | 7 | 1278750 | 65.19 |
| 13 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1750000 | 1 | 1460759 | 83.47 |
| | ആകെ | 207 | 120360174 | 120 | 51027951 | 42.39 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 24308 | 1997734 | 2022042 | 2021939 | 103 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 65349765 | 65349765 | 65349765 | 0 |
| ആകെ | 24308 | 67347499 | 67371807 | 67371704 | 103 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2019-20 വർഷം 1114 പദ്ധതികളുൾപ്പെടുന്ന 21.59 കോടി രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 326പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 219384 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ദിനം ലഭിച്ച 1494 കുടുബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 2626800 | 733 |
| വിധവാപെൻഷൻ | 5158800 | 1342 |
| വാർദ്ധക്യകാലപെൻഷൻ | 4259100 | 1198 |
| വികലാംഗപെൻഷൻ | 1150200 | 614 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 143400 | 40 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 210000 | 7 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23-02-2021 തീയ്യതിയിൽ 3.40 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 56,421 /- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

### പൊതു നിയന്ത്രണം

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 1 |
| 3 | ഹെഡ് ക്ലാർക്ക് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 2 |
| 6 | ക്ലാർക്ക് | 4 |
| 7 | ഓഫീസ് അറ്റൻഡന്റ് | 1 |

| | | |
|---|---|---|
| 8 | ഫുൾടൈം നേഴ്സറി ടീച്ചർ | 1 |
| 9 | ഫുൾടൈം നേഴ്സറി ആയ | 1 |

04.09.2018 ലെ ഉത്തരവ് നം 5815/എസ്.സി.2/2018പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ ദൈനംദിനപ്രവർത്തനത്തിൽ നിരവധി സോഫ്റ്റ്വെയറുകൾ ഉപയോഗിക്കുന്നുണ്ട്. എന്നാൽ പുതിയ ഓഫീസ് ഉത്തരവിൽ ഓരോ ജീവനക്കാർക്കും ചുമതലകൾ വിഭജിച്ച് നൽകുമ്പോൾ സോഫ്റ്റ്വെയറുകളുടെ ഉപയോഗം അവയുടെ ബാക്ക്അപ്പ് എടുത്ത് സൂക്ഷിക്കൽ എന്നിവ സമ്പന്ധിച്ച് പരാമർങ്ങളൊന്നും ഇല്ല. ഈ അപാകതൾ പരിഹരിക്കേണ്ടതാണ്.

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 41 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 17 പ്രാവശ്യവും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 15 പ്രാവശ്യവും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 16 പ്രാവശ്യവും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 15 പ്രാവശ്യവും യോഗം ചേരുന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിച്ചിട്ടുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ നിർവ്വഹണോദ്യോഗസ്ഥൻമാർ പങ്കെടുക്കുന്നുണ്ട്.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2019-2020 സാമ്പത്തിക വർഷം 8 തവണ ചേർന്നിട്ടുണ്ട്. യോഗതീരുമാനങ്ങൾ മിനട്സ് ബുക്കിൽ രേഖപ്പെടുന്നുണ്ട്. ജീവനക്കാരുടെ യോഗം മാസത്തിൽ ഒരുതവണയെങ്കിലും ചേരേണ്ടതും ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്.

ക്ലറിക്കൽ തസ്തികയിൽ ജോലിചെയ്യുന്ന എല്ലാ ജീവനക്കാരും പേഴ്സണൽ രജിസ്റ്റർ എഴുതുന്നുണ്ടെങ്കിലും ആരും തന്നെ അത് പരിശോധിക്കുന്നില്ല. ഓഫീസിൽ ലഭിക്കുന്ന മുഴുവൻ തപാലുകളും സമയബന്ധിതമായി തീർപ്പുകൽപിക്കുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിന് എല്ലാ സെക്ഷനുകളും പേഴ്സണൽ രജിസ്റ്റർ എഴുതേണ്ടതും ആയത് സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യേഗസ്ഥൻ പരിശോധിക്കേണ്ടതുമാണ്.

ഒരു ക്ലാർക്ക് തസ്തിക 26.01.2020 മുതൽ ഒഴിഞ്ഞുകിടക്കുകയാണ്. ഒഴിഞ്ഞുകിടക്കുന്ന തസ്തികയിലേക്ക് ജീവനക്കാരെ നിയമിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>കൺട്രോൾ ഓവർ അക്കൗണ്ട്</u>

അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. നവീകരിച്ച അക്കൌണ്ടിങ്ങ് മാന്വൽ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽവരുത്തുകയും ചെയ്തുവരുന്നുണ്ട്. സ്ഥാപനത്തിൽ കൃത്യമായും സമയബന്ധിതമായും സ്ഥാപനത്തിന്റെ അക്കൗണ്ടിങ്ങ് ഇടപാടുകൾ രേഖപ്പെടുത്തി വരികയും, ആയതുവഴി സ്ഥാപനത്തിന്റെ ഏതു സമയത്തുമുള്ള സാമ്പത്തിക നില പ്രതിഫലിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ജനറൽ ലെഡ്ജറും സബ്സിഡി ലെഡ്ജറും ഉൾക്കൊള്ളുന്ന ഡബിൾ എൻട്രി സിസ്ററമാണ് സ്ഥാപനത്തിൽ നിലവിലുള്ളത്. അംഗീകരിക്കപ്പെടേണ്ട ജേർണൽ എൻട്രികൾ അതാതു സമയത്തെ മേലുദ്യോസ്ഥൻമാർ അംഗീകരിക്കുന്നുണ്ട്. റസീറ്റ് ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. അഗ്നിബാധ, മോഷണം, പ്രകൃതി ദുരന്തം, രേഖകളിൽ കൃത്രിമം വരുത്തൽ എന്നിവയിൽ നിന്നും സംരക്ഷിക്കപ്പെടുന്ന തരത്തിലാണ് അക്കൗണ്ടിങ്ങ് സംബന്ധിച്ച രേഖകൾ സൂക്ഷിച്ചുള്ളത്. ഓരോ അക്കൗണ്ടിങ്ങ് രേഖളിലേക്കുമുള്ള പ്രവേശനവും (ലോഗിൻ വഴി) നിശ്ചയിക്കപ്പെട്ട ഉദ്യോഗസ്ഥർക്കായി പരിമിതപ്പെടുത്തിട്ടുണ്ട്.

ബഡ്ജറ്റിന്റെ അടിസ്ഥാനത്തിൽ വരവ് ചിലവ് കണക്കുകൾ കൃത്യമായി വിലയിരുത്തപ്പെടുന്നുണ്ട്. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൌണ്ട്സും വ്യത്യസ്ത ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൗണ്ട് റൂളുകളും അക്കൗണ്ടിംഗ് പോളിസികളും പാലിക്കുന്നുണ്ട്. മാസാന്ത്യ /വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. അക്കൗണ്ടിന്റെ ബാക്ക് അപ്പ് കൃത്യമായി എടുത്ത് സൂക്ഷിക്കുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപെട്ടിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിദാശ്വാസ നിധി ആരംഭിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. ദിവസേനയുള്ള വരവുകൾ ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

<u>പണത്തിനും ബാങ്കിനും മുകളിലുള്ള നിയന്ത്രണം</u>

പഞ്ചായത്തിൽ നിലനിർത്തിപോരുന്ന എല്ലാ ബാങ്ക് അക്കൗണ്ടുകളുടേയും മുഴുവൻ ലിസ്റ്റ് നിലവിലുണ്ട് . ആയതു പഞ്ചായത്തിന്റെ വരവ് ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ട്. വിവിധ വരവുകൾ യഥായമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട് ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വികരിച്ചു വരുന്നത്. ബിൽ കലക്ടർമാർ സ്വികരിക്കുന്ന പിരിവു തുക അതാതു ദിവസമോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ പഞ്ചാത്ത് ഫണ്ടിൽ അടവാക്കി വരുന്നുണ്ട്.

<u>ഡ.സി.ബി വരവുകളിൻ മേലുള്ള നിയന്ത്രണം</u>

ഓരോ വരവിനത്തിലുമുള്ള ഡിമാൻറുകൾ കൃത്യമായി ഡി.സി.ബി.രജിസ്റ്ററുകളിൽ രേഖപ്പെടുത്തുകയും തുടർ നടപടികൾ സ്വികരിക്കുകയും ചെയ്തുവരുന്നുണ്ട്. ഡി.സി.ബി. വരവുകൾ കാഷ് ബുക്കിലും ലഡ്ജറുകളിലും കൃത്യമായി രേഖപ്പെടുത്തുകയും റികൺസിലിയേഷൻ നടത്തുകയും ചെയ്യുന്നുണ്ട്.

<u>നികുതി -നികുതിയേതര വരവുകളിൽ മേലുള്ള നിയന്ത്രണം</u>

വരവിനങ്ങളെല്ലാം കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട് നികുതി നിർണ്ണയം നടത്തുന്നത് സഞ്ചയ സോഫ്റ്റവെയർ മുഖേനയാണ്. തൻവർഷം 100 % നികുതി പിരിവ് കൈവരിച്ചിട്ടുണ്ട്.

കൺട്രോൾ ഓവര് പ്രൊക്യൂർമെന്റ്.

മടിക്കൈ ഗ്രാമപഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. പഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മിറ്റി 2019-20 വർഷത്തിൽ ആകെ ഒരു തവണ മാത്രമാണ് യോഗം (11.11.2019) ചേർന്നിട്ടുള്ളത്. ഈ യോഗത്തിൽ പർച്ചേസുകൾ സംബന്ധമായ കാര്യമായ തീരുമാനങ്ങളൊന്നും എടുത്തതായി രേഖപ്പെടുത്തി കാണുന്നില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പിനായി നിരവധി പർച്ചേസുകൾ നടത്തിയിട്ടുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട് പ്രൊക്യൂർമെന്റ് കമ്മിറ്റിയിൽ കാര്യമായ തീരുമാനങ്ങളൊന്നും ചർച്ച ചെയ്യിട്ടില്ല. അത് പോലെ ഭൂരിഭാഗം പർച്ചേസുകളും നടന്ന ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ യോഗം ചേർന്നിട്ടേയില്ല. ക്വട്ടേഷൻ, ടെണ്ടർ, വിതരണം നടത്തിയത്, വിതരണം ചെയ്ത സാധനം സ്പെസിഫിക്കേഷൻ പ്രകാരമാണോ, പണം നൽകൽ ഈ കാര്യങ്ങളൊന്നും തന്നെ പ്രൊക്യൂർമെന്റ് കമ്മിറ്റി പരിശോധിച്ചിട്ടില്ല. ഇക്കാര്യത്തിൽ ഭരണസമിതിയുടെ കൃത്യമായ ഇടപെടലുകൾ ആവശ്യമാണ്.

സാധന സാസാമഗ്രികൾ സമാഹരിക്കുന്നതിനുള്ള ചട്ടങ്ങളും സ്റ്റോർ പർച്ചേസ് ചട്ടങ്ങളും സ്ഥാപനം അനുസരിക്കുന്നുണ്ട്. സാധന സാമഗ്രികളുടെ സമാഹരണവുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

കൺട്രോൾ ഓവർ പേറോൾ

ജീവനക്കാരുടെ സേവന പുസ്തകം കൃത്യമായി പരിപാലിക്കുന്നില്ല. സർവ്വീസ് വെരിഫിക്കേഷൻ നടത്തിയത് സംബന്ധിച്ച വിവരങ്ങൾ സേവന പുസ്തകത്തിൽ ബന്ധപ്പെട്ട പേജിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല. ജീവനക്കാരുടെ ലീവ് സംബന്ധിച്ച വിവരങ്ങൾ സേവന പുസ്തകത്തിൽ ലീവ് അക്കൗണ്ടിൽ ചേർത്ത് സാക്ഷ്യപ്പെടുത്തുന്നില്ല. ജീവനക്കാരുടെ സേവന പുസ്തകങ്ങൾ സമയാസമയങ്ങളിൽ വിവരങ്ങൾ ചേർത്ത് സൂക്ഷിക്കേണ്ടതാണ്. ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും സമയാസമയങ്ങളിൽ അംഗീകാരം വാങ്ങുന്നുണ്ട്. ജീവനക്കാരുടെ ശമ്പളം നിലവിൽ ബാങ്ക് അക്കൗണ്ട് വഴിയാണ് നൽകുന്നത്.

ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷനും മറ്റ് ശമ്പള റിക്കവറികളും കൃത്യമായി ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ഒടുക്കുന്നുണ്ട്. NPS പെൻഷൻ പദ്ധതിയിലുൾപ്പെടുന്ന ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷനും കൃത്യമായി ഈടാക്കുന്നുണ്ട്.

രജിസ്റ്ററുകളുടെ സൂക്ഷിപ്പിൻമേലുള്ള നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പ്രധാന രജിസ്റ്ററുകളായ അക്വിറ്റൻസ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ജീവനക്കാരുടെ റിക്കവറി സംബന്ധമായ രജിസ്റ്റർ, തുടങ്ങിയവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

ആസ്തികളിൻമേലുള്ള നിയന്ത്രണം

ആസ്തികൾ കൃത്യമായി മൂല്യ നിർണ്ണയം ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്ഥാപനത്തിൽ അസറ്റ് രജിസ്റ്റർ എഴുതി തയ്യാറാക്കേണ്ടതും അതിന്റെ മൂല്യനിർണ്ണയം നടത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തേണ്ടതുമാണ്.

## 1-10 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

മടിക്കൈ ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററും പത്രികകളും പരിശോധിച്ചപ്പോൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ ഓഫീസ്, റേഷൻകടകൾ, കള്ളുഷാപ്പുകൾ എന്നീ സ്ഥാപനങ്ങളിൽ നിന്നും 2019-20 വർഷം തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ടി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. കൂടാതെ ഗ്രാമപഞ്ചായത്തിൽ അറുപതു ദിവസത്തിൽ കുറയാതെ ജോലിയിൽ ഏർപ്പെടുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 1-11 ബിൽഡ്ടെക് സ്റ്റോൺ ക്രഷർ എന്ന സ്ഥാപനത്തിന് ലൈസൻസ് നൽകിയതിലും ഫീസ് ഈടാക്കിയതിലും അപാകത

മടിക്കൈ ഗ്രാമപഞ്ചായത്തിൽ നിന്നും ബിൽഡ്ടെക് സ്റ്റോൺ ക്രഷർ എന്ന സ്ഥാപനത്തിന് ലൈസൻസ് നൽകിയിരിക്കുന്നത് (ലൈസൻസ് നം.63/2018-19) ജോൺ പീറ്റർ, ചക്കുങ്കൽ ഹൗസ്, ലക്ഷ്മി നഗർ കാഞ്ഞങ്ങാട് എന്ന വ്യക്തിയുടെ പേരിലാണ്. മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള അനുമതിയും ജോൺ പീറ്ററിന്റെ പേരിലാണ്. എന്നാൽ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നുള്ള ഡീലേർസ് ലൈസൻസ് (ഡി.എൻ. നം.25/2018-19/എം.എം /ജി.എസ്/ഡി.ഒ.കെ /516/എം /2019 തീയതി.06.03.2019), രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് (ആർ.സി.നം.02 /2018-19/എം.എം/ജി.എസ്/ ഡി.ഒ.കെ/ 299/എം/2019

തീയതി.08.02.2019) എന്നിവ നൽകിയിട്ടുള്ളത് ശ്രീ.ദീപക് ചീറോത്തി, ബിൽഡ്ടെക് സ്റ്റോൺ ക്രഷർ, കൊതോത്തിപാറ, കാഞ്ഞിരപ്പൊയിൽ, എന്ന വ്യക്തിയുടെ പേരിലാണ്. ഇപ്രകാരം ലൈസൻസ് നൽകാനുണ്ടായ കാരണം വിശദീകരിക്കേണ്ടതാണ്.

കൂടാതെ അപേക്ഷയിൽ 320 കുതിരശക്തിയുള്ള യന്ത്രം ഉപയോഗിക്കുന്ന എന്നാണ് പറഞ്ഞിരിക്കുന്നത്. മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും 320 കുതിരശക്തി ഉപയോഗിക്കുന്നതിനുള്ള അനുമതി വാങ്ങിയിട്ടുണ്ട്. എന്നാൽ ഫയർ ആന്റ് റെസ്ക്യൂ വകുപ്പിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം (നം.ഡി.3282/2017 തീയതി.29.11.2017) പ്രകാരം അനുമതി നൽകിയിരിക്കുന്നത് 220 കുതിരശക്തിയുള്ള ഇലക്ട്രിക് മോട്ടോർ സ്ഥാപിക്കുന്നതിനാണ്.

31.10.2017 ഭേദഗതി ചട്ടങ്ങൾ പ്രകാരം (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ) 100 കുതിരശക്തിയിൽ കവിയുന്നതും 200 കുതിരശക്തിവരെയുള്ളതുമായ വൈദ്യുതയന്ത്രങ്ങൾ ഉപയോഗിക്കുന്നതിന് 2,000/-രൂപയും, 200 കുതിരശക്തിക്ക് മുകളിലുള്ള ഓരോ കുതിരശക്തിക്കും 10/- രൂപ വീതവും ഈടാക്കേണ്ടതാണ്. ആയതുപ്രകാരം ബിൽഡ്ടെക് സ്റ്റോൺ ക്രഷർ എന്ന സ്ഥാപനത്തിൽ നിന്നും ഈടാക്കേണ്ടത് 3,200/- രൂപയാണ് (2000 +120X10 =2000+1200 =3200) എന്നാൽ വൈദ്യുതയന്ത്രം ഉപയോഗിക്കുന്നതിനുള്ള ഫീസായി ആകെ ഈടാക്കിയിരിക്കുന്നത് 1,600/- രൂപ മാത്രമാണ് . കുറവ് വന്ന തുക ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്
മേൽ സ്ഥാപനത്തിന്റെ ലൈസെൻസ് പുതുക്കി നൽകുന്നതിന് മുമ്പായി ഉടമസ്ഥത സംബന്ധിച്ച ആധികാരിക രേഖകൾ പരിശോധിച്ച് ഉറപ്പാക്കേക്കേണ്ടതും, ഉപയോഗിക്കുന്ന യന്ത്രത്തിന്റെ ശേഷി സംബന്ധിച്ച് പരിശോധന നടത്തി ഫയർ & റസ്ക്യൂ വകുപ്പിന്റെ അനുമതിയിലും കൂടുതൽ ശേഷിയുള്ളതായി കണ്ടെത്തിയാൽ ഇക്കാര്യം ബന്ധപ്പെട്ട വകുപ്പിനെ ധരിപ്പിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-12 വൈദ്യുതയന്ത്രം ഉപയോഗിക്കുന്നതിനുള്ള ഫീസ് ഈടാക്കിയതിൽ കുറവ്

താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വൈദ്യുതയന്ത്രം ഉപയോഗിക്കുന്നതിനുള്ള ഫീസ് ഈടാക്കിയതിൽ കുറവു വന്നതായി കാണുന്നു. (31.10.2017 ഭേദഗതി ചട്ടങ്ങൾ-വ്യവസായങ്ങൾക്കും ഫാക്ടറി കൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ)

| ക്രമ നം. | സ്ഥാപനം | യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|
| 1 | ബിൽഡ്ടെക് സ്റ്റോൺ ക്രഷർ | 320 എച്ച്.പി | 3200 | 1600 | 1,600 |
| 2 | കാസറഗോഡ് ജില്ലാ ഹോൾസെയിൽ കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോർ ലിമിറ്റഡ് | 10 എച്ച്.പി | 100 | 50 | 50 |
| 3 | പ്രസിഡൻസി ഡിസൈനർ ടൈൽസ് ആന്റ് ഇന്റർലോക്ക് | 9 എച്ച്.പി | 100 | ഈടാക്കിയിട്ടില്ല | 100 |
| 4 | ശ്രീ.ധർമ്മശാസ്താ റൈസ് &ഫ്ലോർ മിൽ | 10 എച്ച്.പി | 100 | 50 | 50 |
| 5 | മാസ് എഞ്ചിനീയറിംഗ് വർക്സ് | 10 എച്ച്.പി | 100 | 50 | 50 |
| 6 | മൊറോക്കോ പേവേഴ്സ് | 15 എച്ച്.പി. | 200 | 50 | 150 |
| ആകെ | | | | | 2,000 |

ലൈസൻസ് ഫീയിനത്തിൽ കുറവു വന്ന തുക ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്
.

## 1-13 ടെണ്ടർ ഫോമിന്റെ വിലയിനത്തിൽ ലഭിച്ച തുക പഞ്ചായത്തിന് കൈമാറിയിട്ടില്ല.

ഇ ടെണ്ടർ മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോമിന്റെ വില സ്വീകരിക്കുന്നതിനായി നിർവഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ, നീലേശ്വരം ശാഖയിൽ ഒരു അക്കൗണ്ട് (അക്കൗണ്ട് നം 38689102087) ആരംഭിച്ചിട്ടുണ്ട്. 25.09.2019 ന് ആരംഭിച്ച ഈ അക്കൗണ്ടിൽ ഇ-ടെണ്ടർ ഫോമിന്റെ വിലയിനത്തിൽ 19.09.2020 വരെ ലഭിച്ച 2,08,045/-രൂപയുണ്ട്. ടെണ്ടർ ഫോമിന്റെ വിലയായി ഈ അക്കൗണ്ടിൽ വരവുവന്ന തുക ഗ്രാമ പഞ്ചായത്തിലേക്ക് അക്കൗണ്ട് ആരംഭിച്ചതിനുശേഷം നാളിതുവരെ കൈമാറിയിട്ടില്ല. ഈ അക്കൗണ്ടിലുള്ള തുക ഗ്രാമ പഞ്ചായത്തിലേക്ക് കൈമാറേണ്ടതാണ്. മരാമത്ത് പ്രവൃത്തികളുടെ ഇ - ടെണ്ടർ നടത്തുമ്പോൾ ലഭിക്കുന്ന ടെണ്ടർ ഫോമിന്റെ വില യഥാസമയം ഗ്രാമ പഞ്ചായത്തിലേക്ക് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 സെക്രട്ടറി -യാത്രാബത്ത അപാകത

വൗച്ചർ നം.21901109/27.3.2020 - - 13942/-രൂപ

ചെക്ക് നം.4004217/27.3.2020

മടിക്കൈ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.കെ.പി.ശശിധരന്റെ 08/2019 മുതൽ 02/2020 വരെയുള്ള യാത്രാബത്ത തുക ആകെ 13942/- രൂപ മേൽ വൗച്ചർ പ്രകാരം നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| മാസം | യാത്രാബത്ത തുക |
|---|---|
| 08/2019 | 1000/- |
| 09/2019 | 1200/- |
| 11/2019 | 1200/- |
| 12/2019 | 9342/- |
| 02/2020 | 1200/- |
| ആകെ | 13942/- |

യാത്രാബത്ത ബില്ലുകൾ പരിശോധന നടത്തിയപ്പോൾ സീനിയർ സൂപ്രണ്ട്, പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ, യൂണിറ്റ് 2 , കാസറഗോഡ്, പുല്ലൂർ-പെരിയ കൗണ്ടർസൈൻ ചെയ്ത് നൽകിയ ബില്ലുകൾ പ്രകാരം താഴെപ്പറയും പ്രകാരം തുക അധികം നൽകിയിട്ടുണ്ട്.

| മാസം | യാത്രാബത്ത തുക | കൗണ്ടർസൈൻ ചെയ്ത പ്രകാരം തുക | അധികം നൽകിയത് |
|---|---|---|---|
| 08/2019 | 1000/- | 1000/- | 0 |
| 09/2019 | 1200/- | 1200/- | 0 |
| 11/2019 | 1200/- | 1200/- | 0 |
| 12/2019 | 9342/- | 5880/- | 3462/- |
| 02/2020 | 1200/- | 1200/- | 0 |
| ആകെ | 13942/- | 10480/- | 3462/- |

3462/-രൂപ അധികം നൽകിയതിന് ഓഡിറ്റ് എൻക്വയറി നം.09/26.2.21 വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അധികം കൈപ്പറ്റിയ തുക തിരികെ ഒടുക്കേണ്ടതാണ്

## 1-15 ജീവനക്കാരുടെ സേവന പുസ്തകം സൂക്ഷിപ്പ് - അപാകത

2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ സേവനപുസ്തകം പരിശോധന നടത്തിയപ്പോൾ സേവനപുസ്തകത്തിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല എന്നാണ് കണ്ടെത്തിയിട്ടുള്ളത്. ഒരു ജീവനക്കാരന്റെയും സേവനപുസ്തകത്തിലെ Memorandum Of History Of Verification Of Service എന്ന് പേജിൽ സർവ്വീസ് വെരിഫൈ ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല. ബോഡിയിൽ ഇക്കാര്യം രേഖപ്പെടുത്തുന്നുണ്ട്. അതിനാൽ എല്ലാ ജീവനക്കാരുടെയും സേവന പുസ്തകത്തിലും Memorandum Of History Of Verification Of Service എന്ന് പേജിൽ അതാത് വർഷം സർവ്വീസ് വെരിഫൈ ചെയ്തതായി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ് . സേവനപുസ്തകത്തിൽ കണ്ടെത്തിയ മറ്റ് അപാകതകൾ താഴെ ചേർക്കുന്നു.

<u>1.വിനോദ്.പി.കെ- ക്ലാർക്ക്</u>

21.1.19 മുതൽ 24.1.19 വരെ 4 ദിവസവും, 26.2.19 മുതൽ 28.2.19 വെര 3 ദിവസവും പരിവർത്തിതാവധി എടുത്തിട്ടുണ്ട്. ഈ വിവരം ലീവ് അക്കൗണ്ടിൽ ചേർത്തിട്ടുണ്ട്, പക്ഷെ സേവനപുസ്തകത്തിന്റെ ബോഡിയിൽ 2 തവണയായി ലീവ് അനുവദിച്ച ഉത്തരവ് അടങ്ങുന്ന വിവരങ്ങൾ ചേർത്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. അത് പോലെ 20.1.20 മുതൽ 24.1.20 വരെ 5 ദിവസം പരിവർത്തിതാവധി അനുവദിച്ചത് ബോഡിയിൽ ഉത്തരവ് സഹിതം ചേർത്തിട്ടുണ്ട്. പക്ഷെ ലീവ് അക്കൗണ്ടിൽ ചേർത്തത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2.മധുസൂദനൻ.വി - അസി.സെക്രട്ടറി

20.12.2019 മുതൽ 31.12.2019 വരെ 12 ദിവസം പരിവർത്തിതാവധി എടുത്തിട്ടുണ്ട്. ഈ വിവരം ലീവ് അക്കൗണ്ടിൽ ചേർത്തത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. അത്പോലെ സേവനപുസ്തകത്തിന്റെ ബോഡിയിൽ ഏത് ഉത്തരവ് പ്രകാരമാണ് ലീവ് അനുവദിച്ചത് എന്നത് സംബന്ധമായ വിവരങ്ങൾ ചേർത്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3.നിഷ.എം.പി - ക്ലാർക്ക്

നിഷ.എം.പി -ക്ലാർക്കിന്റെ ഇൻക്രിമെന്റ് മാസം ഫെബ്രുവരിയാണ്. എന്നാൽ 1.2.2021 ന് ഇൻക്രിമെന്റ് അനുവദിച്ചത് നാളിതുവരെയായി സേവനപുസ്തകത്തിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇൻക്രിമെന്റ് അനുവദിക്കുമ്പോൾ പ്രസ്തുത വിവരം സേവനപുസ്തകത്തിൽ ചേർത്ത് സാക്ഷ്യപ്പെടുത്തിയിട്ടാണ് ബില്ല് തയ്യാറാക്കേണ്ടത്.

4.പത്മജ.എം - ക്ലാർക്ക്

പത്മജ.എം-ക്ലാർക്ക് , 14.9.20 മുതൽ 30.9.20 വരെ 17 ദിവസം പരിവർത്തിതാവധി എടുത്തിട്ടുണ്ട്. ഈ വിവരം ലീവ് അക്കൗണ്ടിൽ ചേർത്തിട്ടുണ്ട്. പക്ഷെ സേവനപുസ്തകത്തിന്റെ ബോഡിയിൽ ലീവ് അനുവദിച്ച ഉത്തരവ് അടങ്ങുന്ന വിവരങ്ങൾ ചേർത്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5.ശ്രീകാന്ത്.എച്ച്.എസ് - സീനിയർ ക്ലാർക്ക്

ശ്രീകാന്ത്.എച്ച്.എസ്- സീനിയർ ക്ലാർക്കിന്റെ ഇൻക്രിമെന്റ് ജൂൺ മാസത്തിലാണ്. എന്നാൽ 1.6.2020 ൽ ഇൻക്രിമെന്റ് അനുവദിച്ചത് സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

6.ശ്രീധന്യ.എസ്.നമ്പ്യാർ - ഓഫീസ് അറ്റന്റന്റ്

ശ്രീധന്യ.എസ്.നമ്പ്യാർ ഓഫീസ് അറ്റന്റന്റ് 14.1.20 മുതൽ 1.2.20 വരെ 19 ദിവസം പരിവർത്തിതാവധി എടുത്തിട്ടുണ്ട്. ഉത്തരവ് അടങ്ങുന്ന വിശദവിവരങ്ങൾ ബോഡിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പക്ഷെ ലീവ് അക്കൗണ്ടിൽ രേഖപ്പെടുത്തിയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-16 പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിരൂപീകരിച്ചിട്ടുണ്ട്. ബാങ്ക് ഓഫ് ബറോഡയുടെ മടിക്കൈ ശാഖയിൽ ഇതിനായ് ഒരു അക്കൗണ്ട് (നം 68700100001061) ആരംഭിച്ചിട്ടുണ്ട്. 19.11.2018ന് ആരംഭിച്ച ഈ സീറോ ബാലൻസ് അക്കൗണ്ടിൽ തുകയൊന്നുംതന്നെ നാളിതുവരെ നിക്ഷേപിച്ചിട്ടില്ല. പ്രസിഡന്റിന്റെ ദുരിദാശ്വാസ നിധിയിൽനിന്നും ആർക്കും ഇതുവരെ ധനസഹായവും നൽകിയിട്ടില്ല. പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി പേരിനുമാത്രം ആരംഭിച്ചതല്ലാതെ, ചട്ട പ്രകാരം ചെയ്യേണ്ടതായ മറ്റ് പ്രവർത്തനങ്ങളും ഗ്രാമ പഞ്ചായത്തിൽ നടന്നിട്ടില്ല. ആയതിനാൽ പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-17 തനത് ഫണ്ട് ചെലവ് - കണ്ണട അലവൻസ് നൽകിയത് - അപാകത

വൗച്ചർ നം.21900266/01.7.2019 - - 3600/-രൂപ

ചെക്ക് നം.2261681/01.7.2019

മടിക്കൈ ഗ്രാമപഞ്ചായത്തിലെ 3 ജിവനക്കാർക്ക് മേൽ വൗച്ചർ പ്രകാരം കണ്ണട അലവൻസ് അനുവദിച്ചിട്ടുണ്ട്. നിലവിൽ 1200/- രൂപയാണ് കണ്ണട അലവൻസായി അനുവദിക്കുന്നത്. കണ്ണട വാങ്ങിയ ബില്ല്, സത്യവാങ്മൂലം എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തി ബോധ്യപ്പെട്ടാൽ തുക അനുവദിക്കാവുന്നതാണ്. അലവൻസ് അനുവദിച്ചത് സേവനപുസ്തകത്തിൽ രേഖപ്പെടുത്തണം. തുക അനുവദിച്ചതിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഉദ്യോഗസ്ഥന്റെ പേര് | തസ്തിക | തുക |
|---|---|---|---|
| 1 | ബാബു.ടി.വി | അക്കൗണ്ടന്റ് | 1200/- |
| 2 | ഷീല.പി.യു | ഹെഡ് ക്ലാർക്ക് | 1200/- |
| | | | |

| | | | |
|---|---|---|---|
| 3 | പി.കെ.വിനോദ് | ക്ലാർക്ക് | 1200/- |
| ആകെ | | | 3600/- |

ജീവനക്കാരുടെയും സേവന പുസ്തകത്തിൽ കണ്ണട അലവൻസ് വാങ്ങിയത് സംബന്ധിച്ച് രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ട്. ക്രമ നമ്പർ (2) ഷീല.പി.യു. ഹെഡ് ക്ലാർക്ക് എന്നവരുടെ സത്യവാങ്മൂലം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.10/26.2.21 പ്രകാരം വിശദീകരണം ചോദിച്ചതിന് 27.2.21 ന് മറുപടി നൽകിയിട്ടുണ്ട്. ഷീല.പി.യു. ഹെഡ് ക്ലാർക്ക് എന്നവർ 27.2.21 ന് സമർപ്പിച്ച സത്യവാങ്മൂലം മറുപടിയോടൊപ്പം ഹാജരാക്കിയിട്ടുണ്ട്. രേഖകൾ സമർപ്പിക്കാതെ തുക പാസ്സാക്കുന്ന രീതി ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല.

നിർവഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

01.11.2017 ലെ സ.ഉ(അച്ചടി) നം. 87/2017/തസ്വഭവ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പാക്കുന്ന കരാറുകാർക്ക് ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവായിട്ടുണ്ട്. ഫിനാൻസ് വകുപ്പിന്റെ 01.03.2019 ലെ സർക്കുലർ നമ്പർ 18/2019/ഫിൻ പ്രകാരം ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിനുള്ള രീതി വിശദമാക്കുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് കേരള പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 06.03.2019 ലെ CE/Admin/PLA//EMP/1014/(A)/05 നമ്പർ സർക്കുലർ മുഖേന 15.03.2019 മുതൽ നിലവിൽ വന്ന പുതുക്കിയ കോസ്റ്റ് ഇന്റക്സ് അടിസ്ഥാനമാക്കി എസ്റ്റിമേറ്റുകൾ തയ്യാറാക്കിയ 10 പ്രവൃത്തികൾക്ക് 2019-20 ൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചിട്ടുണ്ട്.

01.11.2017 ലെ സ.ഉ(അച്ചടി) നം. 87/2017/തസ്വഭവ ഉത്തരവിന്റെ തുടർ ഉത്തരവായി 29.09,2018 ൽ പുറപ്പെടുവിച്ച ജി.ഒ(ആർ.ടി)നം.2532/2018/തസ്വഭവ ഉത്തരവിൽ ജി.എസ്.ടി കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിനായി കരാറുകാർ തയ്യാറാക്കി സമർപ്പിക്കേണ്ട സെൽഫ് ഡിക്ലറേഷന്റെ മാതൃക (Statement Of Final Settlement Of Contract Amount And Declaration By The Contractor) അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

2019-20 ൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും ഈ മാതൃകയിലുള്ള ഡിക്ലറേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ കൈപ്പറ്റിയിട്ടില്ല. ആയതിനാൽ ഈ പ്രവൃത്തികളിൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചതിന്റെ നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല. ജി.എസ്.ടി കോമ്പൻസേഷൻ കൈപ്പറ്റിയ കരാറുകാരിൽ നിന്നും സെൽഫ് ഡിക്ലറേഷൻ വാങ്ങി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും തുകയിൽ ക്രമീകരണങ്ങൾ വേണ്ട പക്ഷം അവ നടപ്പിലാക്കേണ്ടതുമാണ്.

2019-20 ൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ വിവരങ്ങൾ | അനുവദിച്ച ജി.എസ്.ടി കോമ്പൻസേഷൻ |
|---|---|---|
| 1 | പ്രവൃത്തിയുടെ പേര്- കാഞ്ഞിരപ്പൊയിൽ ICDP സബ് സെന്റർ നവീകണം (പ്രൊജക്ട് നമ്പർ- SO 14/20).<br>കരാറുകാരന്റെ പേര്- നിധിൻ കുമാർ.പി, ചാമക്കൊച്ചി. | ₹10,545/- |
| 2 | പ്രവൃത്തിയുടെ പേര്- എരിക്കുളം കാലിച്ചാംപൊതി സബ് സെന്റർ നവീകണം (പ്രൊജക്ട് നമ്പർ- SO 28/20).<br>കരാറുകാരന്റെ പേര്- ചന്തു.കെ, ആയമ്പാറ. | ₹20,348/- |
| 3 | പ്രവൃത്തിയുടെ പേര്- കൃഷ്ണപിള്ള നഗർ കാടങ്കോട് റോഡ് റീ ടാറിങ്ങ് (പ്രൊജക്ട് നമ്പർ- SO 189/20).<br>കരാറുകാരന്റെ പേര്- ബാബു .എം. ജോസഫ്. | ₹31,204/- |
| 4 | പ്രവൃത്തിയുടെ പേര്- ബങ്കളം - തെക്കൻ ബങ്കളം | ₹47,095/- |

| | | |
|---|---|---|
| | എം.എൽ.എ റോഡ് ടാറിങ്ങ് (പ്രൊജക്ട് നമ്പർ- SO 57/20).<br>കരാറുകാരന്റെ പേര്- ബാബു .എം. ജോസഫ്. | |
| 5 | പ്രവൃത്തിയുടെ പേര്- മേക്കാട്ട് പൂത്താക്കൽ ഇ.എം.എസ് വായനശാല കക്കാട്ട് സ്ഥാനം റോഡ് ടാറിങ്ങ് (പ്രൊജക്ട് നമ്പർ- SO 73/20).<br>കരാറുകാരന്റെ പേര്- ബാബു .എം. ജോസഫ്. | ₹91,655/- |
| | ആകെ | ₹ 2,00,847/- |

## 1-19 സാമൂഹിക സുരക്ഷാ പെൻഷൻ-വികലാംഗ പെൻഷൻ രജിസ്റ്ററിലെ അപാകത

2019-20 വർഷത്തിൽ വികലാംഗ പെൻഷൻ സംബന്ധമായ രജിസ്റ്റർ പരിശോധന നടത്തിയപ്പോൾ താഴെപ്പറയുന്ന അപാകത കണ്ടെത്തിയിട്ടുണ്ട്.

അപേക്ഷാ രജിസ്റ്ററിലെ ക്രമ നമ്പർ (66), ശ്രീ.വിജയൻ.പി.വി, പുതിയവീട്ടിൽ, അടുക്കത്ത് പറമ്പ്, മടിക്കൈ എന്നവർ 23.10.19 ന് സമർപ്പിച്ച അപേക്ഷ ഫയൽ നം.6122/19/23.9.2019 പ്രകാരം സ്വീകരിച്ച് പരിശോധന നടത്തുകയും 25.10.2019 ലെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനം നം.70/19 പ്രകാരം നിരസിക്കുകയും ചെയ്തു. പക്ഷെ ഈ അപേക്ഷ എന്തുകൊണ്ട് നിരസിച്ചു എന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷകൾ പരിശോധന നടത്തി അർഹരല്ല എങ്കിൽ പ്രസ്തുത വിവരം രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം.19/26.2.21 പ്രകാരം ഇക്കാര്യം അറിയിച്ചതിനെ തുടർന്ന് രജിസ്റ്ററിൽ ഈ വിവരങ്ങൾ രേഖപ്പെടുത്തി പരിശോധനക്ക് ഹാജരാക്കിയിട്ടുണ്ട് , ഭാവിയിൽ രജിസ്റ്ററിൽ കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

## 1-20 സാമൂഹിക സുരക്ഷാ പെൻഷൻ- വാർദ്ധക്യകാല പെൻഷൻ രജിസ്റ്ററിലെ അപാകത

2019-20 വർഷത്തിൽ വാർദ്ധക്യകാല രജിസ്റ്റർ പരിശോധന നടത്തിയപ്പോൾ താഴെപ്പറയുന്ന അപാകത കണ്ടെത്തിയിട്ടുണ്ട്.

അപേക്ഷാ രജിസ്റ്ററിലെ ക്രമ നമ്പർ (378), ശ്രീമതി.വത്സല.കെ, നെല്ലിത്തറ, ആനന്ദാശ്രമം എന്നവർ 18.6.19 ന് സമർപ്പിച്ച അപേക്ഷ ഫയൽ നം.4252/19/18.6.2019 പ്രകാരം സ്വീകരിച്ച് പരിശോധന നടത്തുകയും 10.1.20 ലെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനം നം.11/20 പ്രകാരം നിരസിക്കുകയും ചെയ്തു. പക്ഷെ ഈ അപേക്ഷ എന്തുകൊണ്ട് നിരസിച്ചു എന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷകൾ പരിശോധന നടത്തി പെൻഷന് അർഹമല്ല എന്ന് തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ എന്തുകൊണ്ട് നിരസിച്ചു എന്ന വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം.19/26.2.21 പ്രകാരം ഇക്കാര്യം അറിയിച്ചതിനെ തുടർന്ന് രജിസ്റ്ററിൽ ഈ വിവരങ്ങൾ രേഖപ്പെടുത്തി പരിശോധനക്ക് ഹാജരാക്കിയിട്ടുണ്ട് , ഭാവിയിൽ രജിസ്റ്ററിൽ കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

## 1-21 വിധവാ പെൻഷൻ രേഖകളുടെ അഭാവം-അപേക്ഷകരെ അറിയിച്ചിട്ടില്ല.

1.2019-20 വർഷത്തിൽ വിധവാ പെൻഷൻ അപേക്ഷാ രജിസ്റ്റർ പരിശോധന നടത്തിയപ്പോൾ ക്രമ നമ്പർ (207) ശ്രീമതി.ഗീത.സി, ചുള്ളിമൂല, ഏച്ചിക്കാനം എന്നവർ 3.10.2019 ന് സമർപ്പിച്ച അപേക്ഷ ഫയൽ നം.6315/19/3.10.2019 പ്രകാരം സ്വീകരിച്ചു. ഈ അപേക്ഷ സ്വീകരിച്ചുവോ നിരസിച്ചുവോ എന്ന് രജിസ്റ്ററിൽ വ്യക്തമാക്കിയിട്ടില്ല. വിധവാ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ പെൻഷൻ അനുവദിക്കാവുന്നതാണ് എന്നാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഈ വിവരം അപേക്ഷകയെ കത്ത് മൂലം അറിയിച്ചിട്ടില്ല. ഈ അപേക്ഷ തീർപ്പ് കൽപ്പിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

2.ക്രമ നമ്പർ (220) ശ്രീമതി.രാധ.എം, മലപ്പച്ചേരി, കാഞ്ഞിരപ്പൊയിൽ എന്നവർ 3.1.2020 ന് അപേക്ഷ സമർപ്പിച്ചു. ഈ അപേക്ഷ ഫയൽ നം.60/20/3.1.20 പ്രകാരം സ്വീകരിക്കുകയും പരിശോധന നടത്തുകയും ചെയ്തു. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനം നം.38/20/തിയ്യതി.9.6.20 പ്രകാരം അപേക്ഷ നിരസിച്ചിട്ടുണ്ട്. ഭർത്താവിന്റെ മരണസർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാലാണ് അപേക്ഷ നിരസിച്ചത്. മരണ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറക്ക് പെൻഷൻ അനുവദിക്കാവുന്നതാണ് എന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ വിവരം അപേക്ഷകയെ കത്ത് മൂലം അറിയിച്ചിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.19/26.2.21 പ്രകാരം ഇക്കാര്യം അറിയിച്ചതിനെ തുടർന്ന് ശ്രീമതി.ഗീത.സി, ചുള്ളിമൂല, ഏച്ചിക്കാനം എന്നവർക്ക് 27.2.2021 ന് കത്ത് അയച്ചിട്ടുണ്ട്. ശ്രീമതി.രാധ.എം, മലപ്പച്ചേരി, കാഞ്ഞിരപ്പൊയിൽ എന്നവരുടെ അപേക്ഷ സംബന്ധിച്ച് മറുപടി നൽകിയിട്ടില്ല.

## 1-22 ഗ്രാമ പഞ്ചായത്ത് വാഹനത്തിന് ഡീസൽ ചെലവ് – അപാകത

2019-20 വർഷത്തിൽ ഗ്രാമപഞ്ചായത്ത് വാഹനത്തിന് (KL-60-M-4940 മഹീന്ദ്ര സ്കോർപ്പിയോ ) ഡീസൽ അടിച്ച വകയിൽ താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. ദേവ് ഫ്യൂയൽസ്, മാവുങ്കാൽ, ആനന്ദാശ്രമം എന്ന സ്ഥാപനത്തിൽ നിന്നാണ് ഡീസൽ അടിക്കുന്നത്, സ്ഥാപനം സമർപ്പിക്കുന്ന ബില്ല് പ്രകാരം തുക ചെക്കായി നല്കുന്നു. 2019-20 വർഷത്തിലെ തുക ചെലവഴിച്ചതിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം./ തിയ്യതി | തുക | ദേവ് ഫ്യൂയൽസ് -ബില്ല് നമ്പർ വിശദവിവരങ്ങൾ | റിമാർക്സ് |
|---|---|---|---|---|
| 1 | 21900242/18.6.19 | 9527/-രൂപ ചെക്ക് നം. 2261677/Dt. 18.6.19 | 1.2587/9.5.19 – 45ലിറ്റർ 2.2636/15.5.19-45ലിറ്റർ 3.2709/28.5.19-45 ലിറ്റർ | ലോഗ് ബുക്കിൽ കസ്റ്റോഡിയൻ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 2 | 21900319/12.7.19 | 15420/-രൂപ ചെക്ക് നം. 2261689/Dt. 12.7.19 | 1.2736/4.6.19-45ലിറ്റർ 2.2783/11.6.19-45ലിറ്റർ 3.2841/17.6.19-45ലിറ്റർ 4.2902/22.6.19-45ലിറ്റർ 5.2947/29.6.19-45ലിറ്റർ | ലോഗ് ബുക്കിൽ കസ്റ്റോഡിയൻ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 3 | 21900418/27.8.19 | 15433/-രൂപ ചെക്ക് നം. 5503904/Dt. 21.8.19 | 1.2964/2.7.19-40ലിറ്റർ 2.3178/8.7.19-45ലിറ്റർ 3.3179/16.7.19-45ലിറ്റർ 4.3180/22.7.19-45ലിറ്റർ 5.3190/30.7.19-45ലിറ്റർ | ലോഗ് ബുക്കിൽ കസ്റ്റോഡിയൻ ഓഫീസർ രേഖപ്പെടുത്തിയിട്ടില്ല |
| 4 | 21900518/20.9.19 | 12546/-രൂപ ചെക്ക് നം. 5503919/Dt. 19.9.19 | 1.3255/5.8.19-45ലിറ്റർ 2.3362/11.8.19-45ലിറ്റർ 3.3378/20.8.19-45ലിറ്റർ 4.3440/30.8.19-45ലിറ്റർ | ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല |
| 5 | 21900688/20.11.19 | 15563/-രൂപ ചെക്ക് നം. 5503944/Dt. | 1.3824/9.9.19-45ലിറ്റർ | ചോദിച്ചലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല |

| | | | | |
|---|---|---|---|---|
| | | 14.11.19 | 2.3567/20.9.19-40ലിറ്റർ<br>3.3825/26.9.19-45ലിറ്റർ<br>4.3649/1.10.19-45ലിറ്റർ<br>5.3833/28.10.19-45ലിറ്റർ | |
| 6 | 21900790/21.12.19 | 12998/-രൂപ ചെക്ക് നം. 5503963/Dt. 18.12.19 | 1.3876/4.11.19-45ലിറ്റർ<br>2.3925/11.11.19-45ലിറ്റർ<br>3.3995/18.11.19-45ലിറ്റർ<br>4.4056/26.11.19-45ലിറ്റർ | ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല |
| 7 | 21900888/22.1.20 | 13115/-രൂപ ചെക്ക് നം. 5503988/Dt. 20.1.20 | 1.4108/3.12.19-45ലിറ്റർ<br>2.4162/10.12.19-45ലിറ്റർ<br>3.4266/20.12.19-45ലിറ്റർ<br>4.4267/28.12.19-45ലിറ്റർ | ലോഗ് ബുക്കിചോദിച്ചൽ കസ്റ്റോഡിയൻ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല |
| 8 | 21900987/25.2.20 | 17204/-രൂപ ചെക്ക് നം. 562805/Dt. 24.2.20 | 1.4323/3.1.20-45ലിറ്റർ<br>2.4366/10.1.20-45ലിറ്റർ<br>3.4458/17.1.20-45ലിറ്റർ<br>4.4460/23.1.20-45ലിറ്റർ<br>4505/30.1.20-45ലിറ്റർ | ലോഗ് ബുക്കിൽ കസ്റ്റോഡിയൻ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല |
| 9 | 21901119/31.3.20 | 15923/-രൂപ ചെക്ക് നം. 5262821/Dt. 31.3.20 | 1.4749/4.2.20-45ലിറ്റർ<br>2.4585/11.2.20-45ലിറ്റർ<br>3.4750/17.2.20-45ലിറ്റർ<br>4.4751/20.2.20-45ലിറ്റർ<br>5.4752/28.2.20-45ലിറ്റർ | ലോഗ് ബുക്കിൽ കസ്റ്റോഡിയൻചോദിച്ച ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല |
| | ആകെ | 1,27,729/- | | |

| | | | | | |
|---|---|---|---|---|---|
| | | രൂപ | | | |

മേൽ സൂചിപ്പിച്ച പ്രകാരം ക്രമ നം.(1), (2),(3), (7),(8),(9) എന്നീ ബില്ലുകൾ പ്രകാരം ഡീസൽ ചോദിചോദിച്ചച്ചഅടിച്ചത് ലോഗ് ബുക്കിൽ കസ്റ്റോഡിയൻ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ക്രമ നമ്പർ (4),(5),(6) പ്രകാരം ഡീസൽ അടിച്ചത് ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ലോഗ് ബുക്കിന്റെ 144,145,172 മുതൽ 182 വരെ, 197,199, 202,245 മുതൽ 249വരെ പേജുകളിൽ യാത്രാ വിവരങ്ങൾ ഒന്നും ചേർക്കാതെ ഒഴിവാക്കി വിട്ടിട്ടുണ്ട്. ലോഗ് ബുക്കിൽ കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്താതെ ഡീസൽ ചെലവ് ബില്ലിന് തുക നൽകുവാൻ പാടില്ല. ഇക്കാര്യം കസ്റ്റോഡിയൻ ഓഫീസർ ശ്രദ്ധിക്കേണ്ടതായിരുന്നു. കൂടാതെ മൈലേജ് ടെസ്റ്റ് നടത്തിയത് ഇന്ധനത്തിന്റെ പ്രതിമാസ ഉപഭോഗം എന്നിവ സംബന്ധമായ വിവരങ്ങളൊന്നും ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.18/26.2.21 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. മേൽ അപാകതകൾ ഉള്ളതിനാൽ ചെലവ് തുക 1,27,729/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. വിശദീകരണം നൽകേണ്ടതാണ്.

## 1-23 ഗ്രാമ പഞ്ചായത്ത് വിവിധ സ്ഥലങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി-അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.216/20

അടങ്കൽ - 2,62,500/- തനത് ഫണ്ട്

ചെലവ് - 2,62,500/-

വൗച്ചർ നമ്പർ - 21901136/31.3.2020 - 2,62,500/- രൂപ

ചെക്ക് നമ്പർ - 526285/31.3.2020

ഗ്രാമ പഞ്ചായത്തിലെ വിവധ സ്ഥലങ്ങളിൽ LED തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനാണ് ഈ പദ്ധതി. കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് ലിമിറ്റഡ്, കുണ്ടറ, കൊല്ലം എന്ന സ്ഥാപനമാണ് പദ്ധതി നടപ്പിലാക്കിയത്. ആകെ 24 Watt LED തെരുവ് വിളക്ക് 75 എണ്ണമാണ് വാങ്ങി സ്ഥാപിച്ചിട്ടുള്ളത്. നടപടിക്രമം നം.SC1/7867/2018/Dt.31.3.2020 പ്രകാരം ആകെ 2,62,500/- രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. അക്കൗണ്ട് നം.57033061452/SBI. ഈ പ്രവർത്തിയുമായി ബന്ധപ്പെട്ട ഫയൽ മറ്റ് അനുബന്ധ രേഖകൾ, സ്ഥാപനവുമായി ഏർപ്പെട്ട കരാർ, സ്ഥാപിച്ചതിന്റെ സാക്ഷ്യപത്രം, വൈദ്യുതി ബോർഡിന്റെ മേൽനോട്ടം സംബന്ധമായ രേഖകൾ എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
ഓഡിറ്റ് എൻക്വയറി നം.15/26.2.21 – മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 2,62,500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-24 തൊഴിലുറപ്പ് പദ്ധതി ഓഫീസിലേയ്ക്ക് യു.പി.എസ് വാങ്ങിയത്-അപാകതകൾ

പ്രൊജക്ട് നം.202/20

വൗച്ചർ നം.21901051/17.3.2020 - - 63000/-രൂപ

ചെക്ക് നം.5262815/17.3.2020
നിർവ്വഹണ ഉദ്യോഗസ്ഥൻ -ഗ്രാമ പഞ്ചായത്ത് സെക്രട്ടറി

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഓഫീസിലേക്ക് പുതിയ യു.പി.എസ് വാങ്ങുന്നതിനാണ് ഈ പദ്ധതി. 11.11.2019 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാന പ്രകാരം 2KVA Online UPS എന്ന സ്പെസിഫിക്കേഷൻ നിർണ്ണയിച്ച് Gem വഴി വാങ്ങാനാണ് തീരുമാനിച്ചത്. സെഡാർ എഞ്ചിനീയേഴ്സ് &സിസ്റ്റം പ്രൈവറ്റ് ലിമിറ്റഡ് കാൺപൂർ, ഉത്തർപ്രദേശ് സ്റ്റേറ്റ് എന്ന സ്ഥാപനമാണ് യു.പി.എസ് വിതരണം ചെയ്തിരിക്കുന്നത്. ഇൻവോയ്സ് നം.GEM-6308882/05.2.2020. 63000/- രൂപ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് മേൽ വൗച്ചർ വഴി ഓൺലൈനായി കൈമാറിയിട്ടുണ്ട്. അക്കൗണ്ട് നം.50200040166728-HDFC Bank.

ഈ പർച്ചേസുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് വിശദീകരിക്കേണ്ടതാണ്.

1.GEM വഴി വാങ്ങുമ്പോൾ സൈറ്റിൽ ലഭിക്കുന്ന കംപാരറ്റീവ് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല.

2.സ്പെസിഫിക്കേഷൻ പ്രകാരമുള്ള യു.പി.എസ് കണ്ടെത്തിക്കഴിഞ്ഞാൽ സൈറ്റിൽ വിവിധ സെല്ലേഴ്സ് നൽകുന്ന വില സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല.

3.പ്രൊക്യൂർമെന്റ് കമ്മിറ്റി, ഭരണസമിതി എന്നിവയുടെ അംഗീകാരം സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

4.വിതരണം ചെയ്ത യു.പി.എസ് സ്പെസിഫിക്കേഷൻ പ്രകാരമുള്ളതാണെന്ന് പരിശോധന നടത്തി ഉറപ്പ് വരുത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.
ഓഡിറ്റ് എൻക്വയറി നം.8/26.2.21 ന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 63000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യപ്പെട്ട രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-25 ഗ്രാമപഞ്ചായത്ത് ഓഫീസിലേയ്ക്ക് പ്രിന്റർ വാങ്ങിയത്-രേഖകൾ അപൂർണ്ണം

പ്രൊജക്ട് നം.237/20
വൗച്ചർ നം.21901135/31.3.2020 - 20680/-രൂപ

ചെക്ക് നം.5262824/31.3.2020
നിർവ്വഹണ ഉദ്യോഗസ്ഥൻ – ഗ്രാമ പഞ്ചായത്ത് സെക്രട്ടറി

ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് പുതിയ പ്രിന്റർ വാങ്ങുന്നതിനാണ് ഈ പദ്ധതി. Gem വഴിയാണ് പ്രിന്റർ വാങ്ങിയിട്ടുള്ളത്. ന്യൂമാൻ ഇൻഫോകോം പ്രൈവറ്റ് ലിമിറ്റഡ്, ഗാസിയാബാദ്, ഉത്തർപ്രദേശ് സ്റ്റേറ്റ് എന്ന സ്ഥാപനമാണ് പ്രിന്റർ വിതരണം ചെയ്തിരിക്കുന്നത്. ഇൻവോയ്സ് നം.GEM-6844756/2.3.2020. 20680/-രൂപ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് മേൽ വൗച്ചർ വഴി ഓൺലൈനായി കൈമാറിയിട്ടുണ്ട്. അക്കൗണ്ട് നം.50200032269919-HDFC Bank.

1.GEM വഴി വാങ്ങുമ്പോൾ സൈറ്റിൽ ലഭിക്കുന്ന കംപാരറ്റീവ് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല.

2.സ്പെസിഫിക്കേഷൻ പ്രകാരമുള്ള പ്രിന്റർ കണ്ടെത്തിക്കഴിഞ്ഞാൽ സൈറ്റിൽ വിവിധ സെല്ലേഴ്സ് നൽകുന്ന വില സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല.

3.പ്രൊക്യൂർമെന്റ് കമ്മിറ്റി, ഭരണസമിതി എന്നിവയുടെ അംഗീകാരം സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

4.വിതരണം ചെയ്ത പ്രിന്റർ സ്പെസിഫിക്കേഷൻ പ്രകാരമുള്ളതാണെന്ന് പരിശോധന നടത്തി ഉറപ്പ് വരുത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.
ഓഡിറ്റ് എൻക്വയറി നം.07/26.2.21 – മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 20680/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-26 തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സുകളിൽ നിന്നും കുറവു ചെയ്യേണ്ട നികുതികൾ കുറവു ചെയ്തിട്ടില്ല-

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2,50,000 രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതിപ്രകാരം നടപ്പിലാക്കിയ പ്രവൃത്തികളിൽ സാധനങ്ങൾ വാങ്ങിയ വകയിൽ 2.5 ലക്ഷം രൂപയ്ക്കു മുകളിൽ ഉള്ള പേമെന്റുകൾ നടത്തുമ്പോൾ ജി.എസ്.ടി തുക കുറവ് ചെയ്ത് അടച്ചിട്ടുള്ളതായി കാണുന്നില്ല. കൂടാതെ 1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000 രൂപയിൽ കൂടുതൽ തുക കരാറുകാരന് പേമെന്റ് നടത്തുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്. എന്നാൽ ചുവടെ ചേർത്ത പ്രവൃത്തികളിൽ ആദായ നികുതി, ജി.എസ്.ടി എന്നിവ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ബന്ധപ്പെട്ട വകുപ്പുകളിൽ അടച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു. നികുതികൾ കരാറുകാരിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിൽ ഒടുക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. (ഒഡിറ്റ് എൻക്വയറി നം 5 തിയതി 24.2.2021)

| ക്രമ നം | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | മെറ്റീരിയിൽ തുക | FTO നം & തിയതി |
|---|---|---|---|---|
| 1 | അയ്യപ്പഭജന മഠം റോഡ് നിർമ്മാണം | ചന്തു | 382538 | 43547 തി.16.09..2019 |
| 2 | IHRD റോഡ് നിർമ്മാണം | എം.പി.നൗഫൽ | 392538 | 632240 തി.16.09.2019 |
| 3 | പുതിയകണ്ടം നെല്ലിത്തോട്ടുകര റോഡ് | ചന്തു | 350493 | 110821 തി.16.09.2019 |
| 4 | ഓർക്കുൾ നീരുക്ക് തട്ട് റോഡ് നിർമ്മാണം | മടിക്കൈ പഞ്ചായത്ത് ലേബർ കോൺട്രാക്ട് സൊസൈറ്റി | 365921 | 634117 തി.03.07.2019 |

| | | | | |
|---|---|---|---|---|
| 5 | എച്ചിക്കാനം ആയംകോട്ട് റോഡ് നിർമ്മാണം | -ടി- | 350493 | 123120 തി.16.09.2019 |
| 6 | പാറങ്കല്ല് പള്ളത്തങ്കാൽ നടപ്പാത | -ടി- | 277162 | 110686 തി.16.09.2019 |
| 7 | ആയുർവ്വേദ ആശുപത്രി മച്ചിപ്പുറം റോഡ് കോൺക്രീറ്റ് | -ടി | 147302 | 1130 തി.06.05.2019 |
| | | | 92980 | 111101 തി.16.09.2019 |
| 8 | മതിരക്കോട് നടപ്പാത നിർമ്മാണം | ജയ്സൺ എം.വി | 143522 | 634149 തി.03.07.2019 |
| 9 | വൈനിങ്ങാൽ മുനിസിപ്പൽ റോഡ് | ചന്തു | 405538 | 5610 തി.06.05.2019 |
| 10 | വൈനിങ്ങാൽ അങ്കണവാടി റോഡ് | ചന്തു | 153008 | 34592 തി.06.05.2019 |
| 11 | കുട്ടപ്പുന്ന കല്ലട്ടുക്കൽ റോഡ് | ചന്തു | 365921 | 930 തി.06.05.2019 |
| 12 | ആലയി ദുർഗ്ഗ ദേവി ടെമ്പിൾ റോഡ് കോൺക്രീറ്റ് | ചന്തു | 179718 | 120268 തി.16.09.2019 |
| | | | 186244 | 926 തി.06.05.2019 |

## 1-27 നെൽകൃഷി വികസന പദ്ധതി - നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഫീൽഡ് പരിശോധന റിപ്പോർട്ടുകൾ സൂക്ഷിക്കുന്നില്ല.

2019-20വർഷം നിർവ്വഹണ ഉദ്യോഗസ്ഥൻ കൃഷി ഓഫീസർ നടപ്പിലാക്കിയ നെൽകൃഷി വികസന പദ്ധതി, (പ്രൊ.നം.38/20) പ്രകാരം 8,57,140 രൂപ വിവിധ ഫണ്ടുകളിൽ നിന്നുമായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 7,30,140 രൂപയും കൂലിച്ചെലവ് ഇനത്തിൽ അനുവദിച്ചതാണ്

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകളുടെ സൂക്ഷിപ്പിൽ ജി.ഒ (എം.എസ്) 22/2018 ത.സ്വ.ഭ.വ. തിയ്യതി 14-02-2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 6.1.6, ഇതിനോടൊന്നിച്ചുള്ള കുറിപ്പ് എന്നിവയിൽ പരാമർശിച്ചിട്ടുള്ള ചുവടെ ചേർത്ത നിർദ്ദേശങ്ങൾ പാലിച്ചുകാണുന്നില്ല.

1) സബ്സിഡി മാർഗ്ഗ രേഖയിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഗുണഭോക്താക്കൾ കൃഷി ചെയ്തിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം. എന്നാൽ ഇത് സാധൂകരിക്കുന്ന പരിശോധന റിപ്പോർട്ടുകൾ ഗുണഭോക്താക്കളുടെ വ്യക്തിഗത അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. കൂലിച്ചെലവ് നൽകുന്ന സാഹചര്യത്തിൽ കൃഷിചെയ്ത സ്ഥലത്തിന്റെ വിസ്തൃതി , കൃഷിച്ചലവ്, അനുവദിക്കുന്ന സബ്സിഡി തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധന സാക്ഷ്യപത്രം അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

2) വ്യക്തിഗത അപേക്ഷകളിൽ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ, ചെയർമാൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3) നടീൽ, കൊയ്ത്ത് /വിളവെടുപ്പ് എന്നിവയൊഴികെയുള്ള പ്രവർത്തനങ്ങളിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം എന്ന നിർദ്ദേശം പാലിച്ച കാണുന്നില്ല.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്
.

## 1-28 അങ്കൺവാടി പോഷകാഹാര വിതരണം അപാകത പ്രൊജക്ട് : നമ്പർ 8/2019

പ്രൊജക്ട് : അങ്കണവാടി പോഷകാഹാര വിതരണം

ഫണ്ട് ഇനം : വികസന ഫണ്ട്

അടങ്കൽ തുക : 8,00,000 രൂപ

ചെലവ് തുക : 1,91,445 രൂപ

ബിൽ നമ്പർ : 10/19-20 , തിയ്യതി :07.11.2019

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഐ. സി .ഡി .എസ് . സൂപ്പർ വൈസർ

അങ്കണവാടികളിൽ പോഷകാഹാര വിതരണം ചെയ്യുന്നതിനു വേണ്ടിയുള്ള പദ്ധതി പ്രകാരം, അങ്കണവാടികളിൽ വിതരണം ചെയ്യുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ. സി .ഡി .എസ് സൂപ്പർ വൈസർ മടിക്കൈ സഹകരണ ബാങ്കിന്റെ , സഹകരണ സൂപ്പർ മാർക്കറ്റിൽ നിന്നും 1,91,445 രൂപയുടെ ഭക്ഷ്യ ധാന്യങ്ങൾ വാങ്ങിയിട്ടുണ്ട് (ബിൽ നമ്പർ :AG 2862 ,തിയ്യതി : 30.07.2019 ) . ബിൽ പ്രകാരം മടിക്കൈ സഹകരണ ബാങ്കിന്റെ 19994120000000019-ാം നമ്പർ അക്കൗണ്ടിൽ , 30.07.2019ന് ബിൽ തുകയായ 1,91,445 രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ബിൽ പ്രകാരം വിതരണം ചെയ്യേണ്ട ഭക്ഷ്യ ധാന്യങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമനമ്പർ | ഇനം | കിലോഗ്രാമിന് വില | കിലോഗ്രാം | ആകെ തുക |
|---|---|---|---|---|
| 1 | ഗോതമ്പ് | 34 | 21785 | 73950 |
| 2 | ചെറുപയർ | 80 | 353 | 28240 |
| 3 | എണ്ണ | 175 | 211 | 36925 |
| 4 | ഉഴുന്ന് | 63 | 167 | 10521 |
| 5 | ചെറുപയർ | 80 | 119 | 9520 |
| 6 | ശർക്കര | 43 | 252 | 10962 |
| 7 | ചെറുപരിപ്പ് | 88 | 119 | 10472 |
| 8 | ഉഴുന്ന് | 63 | 160 | 10080 |
| 9 | അരി | 31 | 25 | 775 |
| | ആകെ | | | 1,91,445 രൂപ |

മുകളിൽ ചേർത്ത ഇനങ്ങളിൽ , ക്രമ നമ്പർ 5, ക്രമ നമ്പർ 8 ഒഴികെയുള്ള ഭക്ഷ്യ ധാന്യങ്ങൾ മാത്രമാണ് നിർവ്വഹണ ഉദ്യോഗസ്ഥന്റെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വിതരണം ചെയ്തതായി രേഖപ്പെടുത്തിട്ടുള്ളത് . ഇക്കാര്യം ഓഡിറ്റ് എൻക്വയറി നമ്പർ 22 , തിയ്യതി 22.02.2021 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ. സി .ഡി .എസ് സൂപ്പർ വൈസറുടെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന്, വിതരണം ചെയ്യാത്ത ഭക്ഷ്യ ധാന്യങ്ങളുടെ തുകയായ 19,600 (ചെറുപയർ 119 കി.ഗ്രാംX 80 = 9520 + ഉഴുന്ന് 160 കി.ഗ്രാം X 63 =10080 ആകെ 19,600 രൂപ ) രൂപ, മടിക്കൈ സഹകരണ ബാങ്ക്, സഹകരണ സൂപ്പർമാർക്കറ്റ് അധികൃതർ മടിക്കൈ ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് 27.02.2021 ലെ A 9241837 നമ്പർ രശീത് പ്രകാരം തിരിച്ചടച്ചു. പ്രസ്തുത തുക സഞ്ചിത നിധിയിൽ അടവാക്കി ചലാൻ രസീതി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

പോഷകാഹാര വിതരണത്തിനായി ഭക്ഷ്യധാന്യങ്ങൾ വാങ്ങുമ്പോൾ ഇൻവോയ്സ് പ്രകാരമുള്ള ഇനങ്ങൾ പൂർണ്ണമായി ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്തുവാൻ നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല .. തുക തടസ്സപ്പെടുത്തുന്നു

പ്രൊജക്റ്റ് നമ്പർ ; 84/2019

അടങ്കൽ തുക ; 1,40,000

ചെലവ് തുക ; 40,000

ബിൽ നമ്പർ ; 2/19-20 തിയ്യതി 30.04.2019

ഫണ്ട് ഇനം ; വികസന ഫണ്ട് (ജനറൽ)

നിർവ്വഹണ ഉദ്യോഗസ്ഥൻ ; ഹെഡ്മാസ്റ്റർ

സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം നടത്തുന്നതിനു വേണ്ടിയാണ് തുക ചെലവഴിച്ചിട്ടുള്ളത് . ആകെ 32 കുട്ടികൾക്ക് 10ദിവസം പരിശീലനം നടത്തിയതായി ഹാജർപ്പട്ടികയിൽ രേഖപ്പെടുത്തിയിട്ടുണ്ട് . ചെലവുമായി ബന്ധപ്പെട്ട് താഴെ ചേർത്ത രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

1. പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്താക്കളുടെ പട്ടിക.

2. 25,000 രൂപ കൈപ്പറ്റിയതിന്റെ മാനദണ്ഡം വൗച്ചറിൽ രേഖപ്പെടുത്തിട്ടില്ല.

3. 15,000 രൂപ ചെലവഴിച്ചതിന്റെ വൗച്ചറുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

മേൽ കാരണങ്ങളാൽ, പദ്ധതിപ്രകാരം ചെലവഴിച്ച 40,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ 2 തിയ്യതി 22.02.2021 )

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2019-20 | 22-02-2021 & 23-02-2021 | ---- |

### 4-2 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 265359 | ലൈഫ് ഭവനം (എസ്.ടി) | 265359 | 0 |
| | 2019-20 | 927154 | ലൈഫ് ഭവനം (ജനറൽ) | 927154 | 0 |
| | 2019-20 | 409751 | അങ്കണവാടി പോഷകാഹാരം | 409751 | 0 |
| | 2019-20 | 365070 | നെൽകൃഷി കൂലിച്ചെലവ് | 365070 | 0 |
| | 2019-20 | 156000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 156000 | 0 |
| | 2019-20 | 600000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 600000 | 0 |
| | 2018-19 | 300000 | കുടുംബശ്രീ വനിതകൾക്ക് വാദ്യോപകരണം | 0 | 300000 |
| | 2018-19 | 1500000 | എരിക്കുളം പൊതുശ്മശാനം | 0 | 1500000 |

| | | | | | |
|---|---|---|---|---|---|
| | 2018-19 | 1000000 | ബങ്കളത്ത് വയോജന വിശ്രമ കേന്ദ്രം | 602681 | 397319 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 90000 | ലൈഫ് ഭവനപദ്ധതി | 90000 | 0 |
| | 2019-20 | 124992 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 124992 | 0 |
| | 2019-20 | 539743 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 539743 | 0 |
| | 2019-20 | 100000 | പാലിയേറ്റീവ് ഹോംകെയർ | 100000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി തുക കൈമാറിയിട്ടില്ല. എന്നാൽ 2017-18 വർഷം വിവിധ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബിയിൽ നിക്ഷേപിച്ച 30.74 ലക്ഷം രൂപ ബന്ധപ്പെട്ട പദ്ധതികൾക്കായി വിനിയോഗിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

## 4-5 വായ്പാ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ 19,50,245 രൂപ വരവുണ്ട്. പ്രസ്തുത തുക ഓഡിറ്റ് വർഷം തന്നെ ലൈഫ് ഭവന പദ്ധതിയ്ക്കായി വിനിയോഗിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻവർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | സ.ഉ.(എം.സ്)നം. 2278/ തസ്വഭവ. തീയ്യതി.18-08-2018 | 1950245 | 7590927 | 765633 | 0 | 8775539 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹ്യത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മൃഗസംരക്ഷണ ക്ഷീരവികസന മേഖലയും | - | 2014-15 | 5-1-9 | മൃഗാശുപത്രി മരുന്ന് നല്കാൻ പദ്ധതി ഇല്ല. (പേജ്.94) | മറുപടി ലഭ്യമാക്കി യിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| അവലോകന റിപ്പോർട്ട് 2014-15 | | | | | |
| -ടി- | - | 2014-15 | 5-1-12 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി | മറുപടി ലഭ്യമാക്കിയിട്ടില്ല. |
| 2015-16 | 2-3,2-4 | 2016-17 | അധ്യായം.2 അനുബന്ധം 5 | തൊഴിൽ നികുതി പരാമർശങ്ങൾ | ഗ്രാമ പഞ്ചായത്ത് വിശദമായ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സമിതിയിൽ നിന്നും തുടർ നിർദ്ദേശങ്ങൾ പ്രതീക്ഷിക്കുന്നു. |

<u>4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം</u>

എ) ചാർജ്ജ് നടപടികൾ മുഖേന ഈടാക്കിയ തുക – ഇല്ല

ബി) സർചാർജ്ജ് നടപടികൾ മുഖേന ഈടാക്കിയ തുക – ഇല്ല

<u>4-10 ഓഡിറ്റ് പ്രത്യവലോകനം</u>

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹6,90,62,796 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹6,59,93,470 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ 513909 |

(ബി). ഗ്രാമ പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | ഇല്ല. | ഇല്ല. | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 127729 | ശ്രീ.കെ.പി.ശശിധരൻ ,സെക്രട്ടറി (തുക 114614<br>ശ്രീ.മധുസൂദനൻ. വി (സെക്രട്ടറി-ഇൻ-ചാർജ്ജ്) തുക 13115 |

| | | |
|---|---|---|
| 1-23 | 262500 | ശ്രീ.കെ.പി.ശശിധരൻ ,സെക്രട്ടറി |
| 1-24 | 63000 | ശ്രീ.കെ.പി.ശശിധരൻ ,സെക്രട്ടറി |
| 1-25 | 20680 | ശ്രീ.കെ.പി.ശശിധരൻ ,സെക്രട്ടറി |
| 1-29 | 40000 | ശ്രീ.ഗോപി.വി, ഹെഡ്മാസ്റ്റർ |
| ആകെ | 513909 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

ഇല്ല.

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | LF/KSD.5/61/98 തീയ്യതി 06-11-1998 | 6 |
| 1997-98 | LF/KSD. 6/242/12 തീയ്യതി 16-04-12 | 4 |
| 1999-2000 | LF/KSD.4/359/2002 തീയ്യതി 15-11-2002 | 1 |
| 2002-03 | LF/KSD. 3/254/2011 തീയ്യതി 05-7-2011 | 11 |
| 2003-04 | LF/KSD. 3/255/2011 തീയ്യതി 05-7-2011 | 2 |
| 2004-05 | LF/KSD. 6/245/2012 തീയ്യതി16-04-2012 | 3 |
| 2005-06 | LF/KSD. 6/246/2012 തീയ്യതി28-05-2012 | 3 |
| 2006-07 | LF/KSD. 4/938/2011 തീയ്യതി-07-08-2012 | 7 |
| 2007-08 | LF/KSD. 6/239/2012. തീയ്യതി.11-09-2012 | 8 |
| 2008-09 To 2010-11 | LF/KSD. 8/238/2013 തീയ്യതി.26-03-2013 | 21 |
| 2011-12 | LF/KSD. 8/775/2013 തീയ്യതി. 22-02-2014 | 10 |
| 2012-13 & 2013-14 | LF/KSD. 9/274/2015 തീയ്യതി. 11-08-2015 | 8 |
| 2014-15 | LF/KSD. 8/738/2016 തീയ്യതി. 19-07-2016 | 9 |
| 2015-16 | LF/KSD. 8/4/2017 തീയ്യതി. 05-01-2017 | 12 |
| 2016-17 | KSA/KSD. -8/636/2017 തീയതി.12.06.2017 | 11 |
| 2017-18 | KSA/KSD. -8/1360/2018 തീയതി.11-12-2018 | 30 |
| 2018-19 | KSA/KSD. -8/783/2019 തീയതി.14-08-2019 | 20 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കാസർഗോഡ് ജില്ലയിലെ മടിക്കൈ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ മടിക്കൈ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3

## റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | Madikkai Grama Panchayat<br>Receipt And Payment Statement<br>For the period from 01-April-2019 To 31-March-2020 | | |
|---|---|---|---|
| Code | Head Account | Schedule | Amount(Rs.) |
| | Opening Balance | | |
| | Bank | RP-40(a) | 17,437,037.00 |
| | Cash | RP-40(a) | 16,965.00 |
| | Receipts | | |
| Operating<br>110000000 | Tax Revenue | RP-1 | 1,097,590.00 |
| 140000000 | Fees & User Charges | RP-4 | 342,236.00 |
| 150000000 | Sale & Hire Charges | RP-5 | 33,780.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 48,473,601.00 |
| 171000000 | Interest Earned | RP-9 | 309,431.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 13,356,598.00 |
| 350000000 | Other Liabilities | RP-36 | 114,044.00 |
| Non Operating | | | |
| 170000000 | Income from Investments | RP-8 | 0.00 |
| 180000000 | Other Income | RP-10 | 62,577.00 |
| 330000000 | Secured Loans | RP-32 | 1,950,245.00 |
| 350000000 | Other Liabilities | RP-36 | 201,340.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3,121,354.00 |
| Grand Total | | | 86,516,798.00 |
| | Payments | | |
| Operating<br>210000000 | Establishment Expenses | RP-11 | 2,915,885.00 |
| 220000000 | Administrative Expenses | RP-12 | 949,859.00 |
| 230000000 | Operations & Maintenance | RP-13 | 928,388.00 |
| 250000000 | Decentralised Plan Programme - Productive Sector | RP-15 | 4,114,565.00 |
| 251000000 | Decentralised Plan Programme - Service Sector | RP-16 | 15,385,418.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | RP-17 | 5,076,593.00 |
| 253000000 | Decentralised Plan Programme - Projects not included in Sector Division | RP-18 | 77,855.00 |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes (not in | RP-19 | 1,803,000.00 |
| 255000000 | Maintenance Projects | RP-20 | 14,345,909.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 637,000.00 |
| 280000000 | Prior Period Item | RP-26 | -50,198.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 244,713.00 |
| 350000000 | Other Liabilities | RP-36 | 5,177,593.00 |
| Non Operating | | | |
| 240000000 | Interest & Finance Charges | RP-14 | 915.00 |
| 280000000 | Prior Period Item | RP-26 | -470.00 |
| 330000000 | Secured Loans | RP-32 | 927.00 |
| 350000000 | Other Liabilities | RP-36 | 1,752,142.00 |
| 410000000 | Fixed Assets | RP-38 | 6,603,400.00 |
| 412000000 | Capital Work In Progress | RP-40 | 2,116,835.00 |
| 440000000 | Pre-paid Expenses | RP-45 | 1,950,245.00 |
| 460000000 | Loans, Advances and Deposits | RP-47 | 1,962,896.00 |
| | Closing Balance | | |
| | Bank | RP-40(b) | 20,523,328.00 |
| | Cash | RP-40(b) | 0.00 |

| Grand Total | 86,516,798.00 |
|---|---|

Mission Kerala Information Software Support:

Accounts Officer Secretary



# അനുബന്ധം-4

# ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| | Madikai Grama Panchayat Income & Expenditure Statement For the period from 01-April-2019 to 31-March-2020 | | |
|---|---|---|---|
| Code | Head Of Account | Schedule | Amount(Rs.) |
| | Income | | |
| 110000000 | Tax Revenue | I-1 | 4,200,766.00 |
| 130000000 | Rental Income from Panchayat Properties | I-3 | 70,700.00 |
| 140000000 | Fees & User Charges | I-4(b) | 432,836.00 |
| 150000000 | Sale & Hire Charges | I-5(b) | 33,780.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | I-6 | 126,524,664.00 |
| 170000000 | Income from Investments | I-7 | |
| 171000000 | Interest Earned | I-8 | 309,431.00 |
| 180000000 | Other Income | I-9 | 103,501.00 |
| A | Total-Income | | 131,675,678.00 |
| | Expenditure | | |
| 210000000 | Establishment Expenses | I-10(b) | 9,574,591.00 |
| 220000000 | Administrative Expenses | I-11(b) | 949,859.00 |
| 230000000 | Operations & Maintenance | I-12(b) | 1,097,899.00 |
| 240000000 | Interest & Finance Charges | I-13 | 915.00 |
| 250000000 | Decentralised Plan Programme - Productive Sector | I-14 | 6,395,771.00 |
| 251000000 | Decentralised Plan Programme - Service Sector | I-14(a) | 84,100,817.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | I-14(b) | 5,345,268.00 |
| 253000000 | Decentralised Plan Programme - Projects not included in Sector | I-14(c) | 77,855.00 |
| | Division | | |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes | I-14(d) | 8,832,300.00 |
| | (not included under Decentralised Plan Programme) | | |
| | | | |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | I-14(e) | 14,345,909.00 |
| 260000000 | Grants, Contributions and Compensations from Own Fund | I-15 | 637,000.00 |
| 272000000 | Depreciation | I-17(a) | |
| B | Total-Expenditure | | 131,358,184.00 |
| C = A-B | Gross Surplus/Deficit of Income over Expenditure | | 317,494.00 |
| D= 280000000 | Prior Period Item | I-18 | (14,338,195.00) |
| E = C-D<br>290000000 | Gross Surplus/Deficit of Income over Expenditure after prior period items<br>Transfer to Reserve Funds | | 14,655,689.00 |
| | Net Balance being surplus/deficit carried over to Balance sheet (Panchayat Fund) | | |

Software Support: Information Kerala Mission

Accounts Officer Secratary



## <u>അനുബന്ധം-5</u>

## <u>ബാലൻസ് ഷീറ്റ്</u>

| | Madikai Grama Panchayat<br>BALANCE SHEET<br>As on 31-March-2020 | | |
|---|---|---|---|
| Code No. | Description of Items | Schedule No | Amount |
| 310000000 | <u>LIABILITIES</u><br>Reserve& Surplus<br>Muncipal (General) Fund [Code No 310] | B-1 | (5431020.50) |
| 311000000 | Earmarked Funds | B-2 | 0.00 |
| 312000000 | Reserves | B-3 | 83103462.00 |
| | Total Reserve& Surplus | | 77672441.50 |
| 320000000 | Grants,Contributions for specific purposes<br>Grants, Funds & Contributions for Specific Purposes | B-4 | 17129106.00 |
| | Total Grants,Contributions for specific purposes | | 17129106.00 |
| 330000000 | Loans<br>Secured Loans | B-5 | 8775539.00 |
| | Total Loans | | 8775539.00 |
| 340000000 | Current Liabilities and Provisions | B-7 | 1067107.00 |

| | | | |
|---|---|---|---|
| | Deposits Received | | |
| 350000000 | Other Liabilities | B-9 | 1043928.50 |
| | Total Current Liabilities and Provisions | | 2111035.50 |
| 432000000 | TOTAL LIABILITIES ASSETS<br>Current Liabilities and Provisions<br>Accumulated Provisions Against Debtors (Receivables) | B-15(a) | 105688122.00<br>0.00 |
| | Total Current Liabilities and Provisions | | 0.00 |
| 410000000 | Fixed Assets<br>Fixed Assets | B-11 | 89817491.00 |
| 411000000 | Accumulated Depreciation | B-11 | (28963542.00) |
| 412000000 | Capital Work In Progress | B-11(a) | 11383230.00 |
| | Total Fixed Assets | | 72237179.00 |
| 430000000 | Current Assets,Loans and Advances<br>Stock-in-hand | B-14 | 0.00 |
| 431000000 | Sundry Debtors (Receivables) | B-15 | 1250.00 |
| 440000000 | Pre-paid Expenses | B-16 | 8775539.00 |
| 450000000 | Cash and Bank balance | B-17 | 20523328.00 |
| 460000000 | Loans, Advances and Deposits | B-18 | 4150826.00 |
| | Total Current Assets,Loans and Advances | | 33450943.00 |
| 480000000 | Miscellaneous Expenditure(To the Extent not written off)<br>Miscellaneous Expenditure to be written off | B-20 | 0.00 |
| | Total Miscellaneous Expenditure(To the Extent not written off) | | 0.00 |
| | TOTAL ASSETS | | 105688122.00 |

Software Support : Information Kerala Mission

Accounts Officer Secretary